# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. DECEMBER 2024. ₹5.00

VOL. 09 - ISSUE NO. 06 - DATE OF PUBLICATION 25TH DECEMBER, 2024 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24




2025 നിങ്ങൾക്കും നിങ്ങളുടെ ടീമിനും
നവീകരണത്തിന്റെയും സമൃദ്ധിയുടെയും
പുതിയ നേട്ടങ്ങളുടെയും വർഷമാകട്ടെ.
പുതുവത്സരാശംസകൾ.

FREEPIK

KSIDC

Government of Kerala

INVEST KERALA
GLOBAL SUMMIT
FEB 21-22, 2025 | KOCHI

# Vizhinjam Conclave 2025

## Join the investment wave in Kerala

January 28-29 | 2025 | Hyatt Regency Trivandrum

IN ASSOCIATION WITH

Vizhinjam International Seaport
Thiruvananthapuram



**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
Joseph Paikada
Cochin. ✆ 94972 24422
✉ josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. ✆ 94475 30569
✉ jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. ✆ 98470 42743
M.M. Mujeeb Rahiman
Ernakulam. ✆ 94477 36134
Anvar.K.V.
Malappuram. ✆ 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
Joseph Paikada..... ✆ 94972 24422
Rajesh. G ........... ✆ 98957 03837
Thomas Mathew.. ✆ 80756 59942
Eshaque K.......... ✆ 98470 08185

**Printer & Publisher**
K.P. Ramachandran Nair
✆ 94470 17899

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538

## ഉള്ളടക്കം

- **എഡിറ്റോറിയൽ:** കേരളം കുതിക്കുന്നു വ്യവസായ വളർച്ചയിൽ.............................03
- **പ്രസിഡൻഷ്യൽ റിപ്പോർട്ട്:** പ്രീ ബജറ്റ് നിർദ്ദേശങ്ങൾ 2025-2026 സർക്കാരിന്റെ പരിഗണനയ്ക്ക് ...................05
- **വോയിസ് ഓഫ് ജനറൽ സെക്രട്ടറി:** കേരളത്തിൽ FDDI സ്ഥാപിക്കണം ........07
- **ജി.എസ്.ടി.** ചോദ്യോത്തര പംക്തി ........08
- **കേരള ബാംബൂ ഫെസ്റ്റ്** ........................11
- **റാംപ്:** ചെറുകിട വ്യവസായങ്ങളുടെ വേഗത കൂട്ടാൻ കേന്ദ്ര പദ്ധതി ...............14
- **ഇൻവെസ്റ്റ് കേരള** ആഗോള സംരംഭക സംഗമം ................16
- **ഇന്ത്യ ഇന്റർനാഷണൽ ഇൻസ്ട്രീയൽ എക്സ്പോ** ..................18

**KSSiA NEWS**
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION DECEMBER 2024 ₹5.00

# എഡിറ്റോറിയൽ

## കേരളം കുതിക്കുന്നു വ്യവസായ വളർച്ചയിൽ



സർവ്വവിധ മുൻധാരണകളേയും അനുഭവ പാഠങ്ങളേയും മറികടന്ന് വ്യവസായ വളർച്ചയുടെ ഗതിവേഗം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ദീർഘവീക്ഷണവും നിശ്ചയദാർഢ്യവുമുള്ള സർക്കാരിന്റെ കർമ്മ കുശലത ഇതിന് വഴിയൊരുക്കുന്നു, ഒപ്പം വ്യവസായ വകുപ്പും.

ഇന്ത്യയിൽ, വ്യവസായ സൗഹൃദത്തിൽ കേരളം ഒന്നാം സ്ഥാനത്ത് എത്തി നിൽക്കുകയാണ്. അതിന്റെ ത്വരിത ഘടകമായി സർക്കാരിന്റെ സംരംഭക വർഷം ആഘോഷം ചലനം സൃഷ്ടിക്കുന്നതും പൊതു ശ്രദ്ധ നേടിയിരിക്കുന്നതും. അഡ്മിനിസ്ട്രേഷൻ മേഖലയിലെ ആധികാരിക കേന്ദ്രമായ അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ, 'ഇന്നവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ' എന്ന പദവി നൽകി ആദരിച്ചിരിക്കുകയാണ്.

സൊസൈറ്റിയുടെ 87 വർഷ പ്രവർത്തന ചരിത്രത്തിൽ, ഇന്ത്യയിൽ ലഭിക്കുന്ന ആദ്യ അംഗീകാരം. പ്രകൃതി രമണീയവും മിതശീതോഷ്ണ കാലാവസ്ഥയും, താരതമ്യേന കുറഞ്ഞ മലിനീകരണവും ഉള്ള നമ്മുടെ ദൈവത്തിന്റെ സ്വന്തം നാട്ടിലെ സാമ്പത്തിക വികസനത്തിനായി പുതിയ വ്യവസായങ്ങൾ തുടങ്ങാനും, നിലവിലുള്ളവ ആധുനികവൽക്കരിക്കാനും സർക്കാരിന് സഹകരണമായി മൈക്രോ ചെറുകിട ഇടത്തര വ്യവസായികളും അവരുടെ സംഘടനയായ കെ.എസ്.എസ്.ഐ.എ.യും.

ഇത്തരം വികസനത്തെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി തന്നെയാണ് നമ്മുടെ സംഘടന, കൊച്ചി കാക്കനാട് കിൻഫ്ര ഇൻറർനാഷണൽ എക്സിബിഷൻ സെന്ററിൽ ഇപ്പോൾ എക്സിബിഷൻ സംഘടിപ്പിച്ചത്. അതിന്റെ വിജയം നമ്മളിൽ, വ്യവസായികളിൽ, സംരംഭകരിൽ ഊർജ്ജം പകർന്നു എന്നതാണ് സത്യം.

എക്സിബിഷനിൽ പങ്കെടുത്ത പ്രദർശനക്കാർ ഇനിയും തുടരാൻ തയ്യാറായി ഉത്സാഹപൂർവ്വം മുന്നോട്ടുവരുന്നുണ്ട്. ഈ സന്ദർഭത്തിൽ ഞങ്ങൾക്ക് സർക്കാരിനോട് പറയാനുള്ളത്:

1. നിലവിലെ വ്യവസായികൾ, പുതുസംരംഭകരുടെ, മാർഗ്ഗദർശികളായ അംബാസിഡർമാരാണ്. സംരംഭകർക്ക് നൽകുന്ന അതേ പ്രാധാന്യവും സഹായവും നിലവിലുള്ള വ്യവസായത്തിനും ബാധകമാക്കേണ്ടതാണ്.
2. വ്യവസായത്തിന് ഉത്തേജനം നൽകുന്ന എക്സിബിഷൻ സംഘടിപ്പിക്കാൻ സർക്കാർ സാമ്പത്തിക സഹായം നൽകേണ്ടതാണ്.
3. കേരളത്തിലെ ഭൂപ്രകൃതിയും സ്ഥലപരിമിതിയും കണക്കിലെടുത്ത് സംസ്ഥാന ബിൽഡിങ് റൂൾ ഉണ്ടാക്കേണ്ടതുണ്ട്.
4. വൈദ്യുതിയിൽ LT കൺസ്യൂമേഴ്സിന് 150 KVA പുനഃസ്ഥാപിക്കുകയും നിലവിൽ 160 KVA ട്രാൻസ്ഫോമർ സ്ഥാപിച്ചിട്ടുള്ള MSME യൂണിറ്റുകൾക്ക് പരമാവധി കപ്പാസിറ്റിയായ 150 KVA വരെ ഉപയോഗിക്കാൻ കഴിയണം. നിലവിലുള്ള കപ്പാസിറ്റി പൂർണമായി പ്രയോജനപ്പെടുത്താൻ കഴിയുന്നതാണല്ലോ വ്യവസായത്തിന്റെ വളർച്ച.

പ്രതീക്ഷയോടെ,

**എസ്. സലിം**
**ചീഫ് എഡിറ്റർ**

MOFPI
MINISTRY OF FOOD PROCESSING INDUSTRIES
GOVERNMENT OF INDIA

PMFME

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

K-bip



# ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് വലിയ ഉയരങ്ങൾ താണ്ടാം

## പ്രധാൻ മന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പിഎംഎഫ്എംഇ) പദ്ധതി

**ഓരോ അപേക്ഷകനും ആദ്യാന്ത്യം സമ്പൂർണ കൈത്താങ്ങ് ഉറപ്പാക്കുന്നു**

- **10 ലക്ഷം രൂപ വരെ സബ്സിഡി**
  യോഗ്യമായ പദ്ധതി ചിലവിന്റെ 35% ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡിയായി പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം

- **എസ്.എച്ച്.ജി. അംഗങ്ങൾക്ക് 40,000 രൂപ വരെ ധനസഹായം**
  സ്വയം സഹായ സംഘങ്ങളിലെ ഓരോ അംഗത്തിനും പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും 40000 രൂപ വരെ ധനസഹായം

- **പൊതു അടിസ്ഥാന സൗകര്യത്തിന് 3 കോടി രൂപ വരെ**
  പൊതു അടിസ്ഥാന സൗകര്യത്തിനും മൂലധന നിക്ഷേപത്തിനും എസ്.എച്ച്.ജി., എഫ്.പി.ഒ., സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് 3 കോടി രൂപ വരെ ധനസഹായം


കൂടുതൽ വിവരങ്ങൾക്ക്

**ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെടുക**

**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**
വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം - 695033.
ഫോൺ: 91 471 2302774 | ഫാക്സ്: +91 471 2305493
ഇമെയിൽ: industriesdirectorate@gmail.com
വെബ്: www.industry.kerala.gov.in

K-bip

**കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ**
2, വിദ്യാ നഗർ, പൊലീസ് ഗ്രൗണ്ടിന് എതിർവശം,
തൈക്കാട് പി.ഒ., തിരുവനന്തപുരം - 695014.
ഫോൺ: +91 471 2321882 | ഫാക്സ്: +91 471 2322883
ഇമെയിൽ: kbip@keralaindustry.org | വെബ്: www.kbip.org



# പ്രീ ബജറ്റ് നിർദ്ദേശങ്ങൾ 2025-2026
# സർക്കാരിന്റെ പരിഗണനയ്ക്ക്

**പ്രസിഡൻഷ്യൽ റിപ്പോർട്ട്**

രാജ്യത്തിന്റെ സമ്പത്ഘടനയിലും തൊഴിൽ വികസനത്തിലും ആഭ്യന്തര ഉല്പാദനത്തിലും കയറ്റുമതിയിലും ഗണ്യമായ പങ്കാണ് എം.എസ്.എം.ഇ. മേഖല വഹിക്കുന്നത് വ്യവസായ മേഖലയിൽ വൻ കുതിച്ചുചാട്ടത്തിന് സാക്ഷ്യം വഹിക്കുകയാണ് കേരളം. നിക്ഷേപകരെയും സംരംഭകരെയും ആകർഷിക്കാനുള്ള അനുകൂലമായ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിൽ കേരളം മറ്റു സംസ്ഥാനങ്ങളെ പിന്നിലാക്കികൊണ്ട് അത്ഭുതകരമായി ഒന്നാം സ്ഥാനത്തേക്ക് എത്തിയിരിക്കുകയാണ്. ഈ സ്ഥാനം നിലനിർത്തുന്നതിനും കൂടുതൽ നിക്ഷേപകരെയും സംരംഭകരെയും ഈ മേഖലയിൽ ആകർഷിക്കുന്നതിനും സർക്കാരിന്റെ ശ്രദ്ധ കൂടുതൽ പതിയേണ്ടതുണ്ട്. 2022-23 സംരംഭക വർഷത്തിൽ ലക്ഷ്യമിട്ട തിനേക്കാൾ പതിന്മടങ്ങ് സംരംഭങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ചത്. സംസ്ഥാനത്ത് 3.35 ലക്ഷത്തിലധികം ആരംഭിച്ച ഈ സംരംഭങ്ങൾക്കും പുതിയതായി വരുന്ന സംരംഭങ്ങൾക്കും സബ്സിഡി ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ നല്കുന്നതിനുള്ള ബഡ്ജറ്റ് വിഹിതം ഗണ്യമായി നീക്കി വെക്കേണ്ടതുണ്ട്. 100 സ്വകാര്യ പാർക്കുകൾ ആരംഭിക്കാനാണ് വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നത്. ഓരോ പാർക്കിനും 3 കോടി വെച്ച് 100 പാർക്കിന് 300 കോടി വരും. മിഷൻ 1000 പദ്ധതി പ്രകാരം വാഗ്ദാനം ചെയ്ത ഓരോ സ്ഥാപനത്തിന് 2 കോടി രൂപ വെച്ച് 1000 സ്ഥാപനങ്ങൾക്ക് നല്കാൻ 2000 കോടി രൂപ വരും. വ്യവസായ വകുപ്പ്, കെ.എസ്.ഐ.ഡി.സി., കിൻഫ്രാ, സിഡ്കോ തുടങ്ങിയവയാണ് സംസ്ഥാനത്തിലെ വ്യവസായ വികസന ഏജൻസികൾ ഈ എല്ലാ ഏജൻസി




കൾക്കും കൂടി വളരെ തുച്ഛമായ തുകയാണ് മുൻകാലങ്ങളിൽ ബജറ്റിൽ നീക്കി വെക്കുന്നത്. ഇതു തീരെ അപര്യാപ്തമാണ്. മേൽ പറഞ്ഞ വസ്തുതകൾ കണക്കിലെടുത്ത് 5,000 കോടി രൂപയെങ്കിലും എം.എസ്.എം.ഇ. മേഖലയ്ക്ക് മാത്രം ബജറ്റിൽ കൂടി നീക്കി വെക്കണം.

**താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി ബജറ്റിൽ പരിഗണിക്കണം:**

- കോഴിക്കോടും തിരുവനന്തപുരത്തും കാക്കനാട് സ്ഥാപിച്ചതുപോലെ എക്സിബിഷൻ സെന്റർ കം കൺവെൻഷൻ സെന്ററുകൾ സ്ഥാപിക്കണം.
- കെ.എസ്.എസ്.ഐ.എ.യ്ക്ക് നല്കുന്ന വാർഷിക ഗ്രാന്റ് വർദ്ധിപ്പിക്കണം.
- കെ.എസ്.എസ്.ഐ.എ. സോഷ്യൽ സെക്യൂരിറ്റി ഫണ്ടിന് ഒരുകോടി രൂപ വീതം വർഷംതോറും അനുവദിക്കണം.
- വർഷം തോറും ഇന്ത്യ- ഇന്റർനാഷണൽ എക്സിബിഷൻ സംഘടിപ്പിക്കുന്നതിന് ഗണ്യമായ തുക കെ.എസ്.എസ്.ഐ.എ.യ്ക്ക് അനുവദിക്കണം.
- വൻകിട മേഖലയ്ക്ക് നല്കുന്ന ആനുകൂല്യങ്ങൾ എം.എസ്.എം.ഇ. മേഖലയ്ക്കും നല്കണം.
- സ്വകാര്യ പാർക്കുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള 3 കോടി പരിധി എടുത്ത് കളയണം.
- എല്ലാ ക്ഷേമനിധി വിഹിതത്തിൽ നിന്നും എം.എസ്.എം.ഇ. യെ ഒഴിവാക്കണം.
- TReDS ട്രെയ്ഡ് റിസീവബിൾ ഡിസ്കൗണ്ട് സിസ്റ്റം കർശനമായി നടപ്പാക്കണം.
- സംരംഭകർക്ക് നല്കുന്ന സബ്സിഡി പോലുള്ള എല്ലാ സാമ്പത്തിക ആനുകൂല്യങ്ങൾക്ക് യാതൊരു ട്രഷറി നിയന്ത്രണവും ഉണ്ടാകില്ലെന്ന് ഉറപ്പ് വരുത്തണം.
- മൂലധന സബ്സിഡി പരിധിയില്ലാതെ 25 ശതമാനമായി വർദ്ധിപ്പിക്കണം.
- വ്യവസായ സംരക്ഷണ നിയമം കൊണ്ട് വരണം.
- സംരംഭകർക്ക് അനുവദിക്കുന്ന സബ്സിഡി തുക വായ്പകൾ അനുവദിച്ച ധനകാര്യസ്ഥാപനങ്ങളിലേക്കാണ് കൈമാറുന്നത്. സബ്സിഡി തുക ലഭിക്കാൻ കാലതാമസം നേരിട്ടാൽ വായ്പകളിന്മേലുള്ള പലിശയും പിഴ പലിശയും ധനകാര്യ സ്ഥാപനങ്ങൾ ഈടാക്കി കൊണ്ടിരിക്കുകയാണ്. ഈ പലിശ സർക്കാർ സബ്സിഡിയായിട്ട് നല്കണം. ഇങ്ങനെ സംഭവിക്കാതിരിക്കാൻ വാഗ്ദാനം ചെയ്യുന്ന സബ്സിഡി തുക നിശ്ചിത സമയത്തുതന്നെ നല്കാനുള്ള ഫണ്ട് നീക്കി വെക്കണം.
- അസംസ്കൃത സാധനങ്ങൾ സംഭരിച്ച് ന്യായമായ വിലയ്ക്ക് സംരംഭകർക്ക് നല്കണം.
- സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലും തൊഴിൽ വികസനത്തിലും ഗണ്യമായ പങ്ക് വഹിക്കുന്ന മേഖലയാണ് ടൂറിസം മേഖല. ഈ മേഖലയുടെ വികസനത്തിന് മുഖ്യ പ്രാധാന്യം നല്കി കൊണ്ടുള്ള അടിസ്ഥാന സൗകര്യങ്ങൾക്കും, വികസനത്തിനും പ്രോത്സാഹനം നല്കുന്ന പദ്ധതികൾ പ്രഖ്യാപിക്കണം.
- കേരളത്തിലെ മുഴുവൻ പുഴകളിലും അടിഞ്ഞു കിടക്കുന്ന മണൽ നീക്കി സംഭരിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്യണം. ഇത് മൂലം കോടിക്കണക്കിന് റവന്യൂ വരുമാനം കിട്ടുകയും ചെയ്യും.
- വർഷങ്ങളായി കൃഷിയ്ക്ക് അനുയോജ്യമല്ലാത്ത ഉപയോഗശൂന്യമായി തരിശായ ഏക്കർ കണക്കിന് ഭൂമി സംസ്ഥാനത്തുടനീളമുണ്ട്. തരിശായി കിടക്കുന്ന ഈ ഭൂമികൾ വ്യവസായ ആവശ്യത്തിനായി ഏറ്റെടുക്കുകയും വ്യവസായ പാർക്കുകൾ ആരംഭിച്ച് സംരംഭകർക്ക് നല്കാനുള്ള നടപടി സ്വീകരിക്കണം. ഇതിന് ഭൂ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ കൊണ്ട് വരണം. ഭൂമിയുടെ ഉടമസ്ഥന് ന്യായമായ വില ലഭിക്കുന്ന തോടൊപ്പം ധാരാളം സംരംഭങ്ങൾ ആരംഭിക്കുന്നതു വഴി ധാരാളം തൊഴിൽ സൗകര്യങ്ങൾ ഉണ്ടാകുകയും അതിലൂടെ സർക്കാരിനുള്ള റവന്യൂ വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും.
- നികുതി കുടിശ്ശികക്കാർക്ക് നടപ്പാക്കിയ ആംനസ്റ്റി സ്കീം പൂർണ്ണമായും ഫലപ്രദമായും ഇതുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കുടിശ്ശികക്കാരെ ഈ സ്കിമീൽ ആകർഷിച്ച് കുടിശ്ശിക തീർപ്പാക്കുന്നതിന് ഈ സ്കീം കൂടുതൽ ലളിതവൽക്കരിക്കുകയും അദാലത്തുകൾ സംഘടിപ്പിച്ച് വർഷങ്ങളായി നില നിൽക്കുന്ന പ്രശ്നത്തിന് അന്തിമപരിഹാരം കാണണം.
- ജി.എസ്.ടി. റീഫണ്ടുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം.
- മുൻകാലഘട്ടങ്ങളിൽ സെയിൽടാക്സ് ലോൺ നല്കിയിരിക്കുന്നതുപോലെ സംരംഭകർക്ക് 5 വർഷം അടച്ച സംസ്ഥാന ജി.എസ്.ടി. പലിശയില്ലാതെ 5 വർഷത്തേക്ക് ലളിതമായ തിരിച്ചടക്കുന്ന വ്യവസ്ഥയിൽ വായ്പയായി സംരംഭകർക്ക് നല്കുന്നതിനുള്ള ബജറ്റ് നിർദ്ദേശമുണ്ടാകണം.
- വ്യവസായ ആവശ്യത്തിനുള്ള ബിൽഡിങ്ങ് നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന മെറ്റിരിയലിന്റെ ഇൻപുട്ട് ക്രെഡിറ്റ് എടുക്കാൻ അനുവദിക്കണം.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾക്ക് കൂടി ബജറ്റിൽ കൂടി പരിഹാരം കാണണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.■

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**



# കേരളത്തിൽ ഫുട്ട് വെയർ ഡിസൈൻ ആന്റ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (FDDI) സ്ഥാപിക്കണം

## വോയിസ് ഓഫ് ജനറൽ സെക്രട്ടറി

സംസ്ഥാനത്തിലെ പ്രധാനപ്പെട്ട ഒരു മേഖലയാണ് പാദരക്ഷ നിർമ്മാണ മേഖല. നൂറുകണക്കിന് ഫാക്ടറികളും, പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിലും നല്കുന്ന ഈ മേഖല മുഖ്യമായും സ്ഥിതി ചെയ്യുന്നത് കോഴിക്കോട്, മലപ്പുറം, ജില്ലകളിലാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നികുതി ഇനത്തിൽ ഗണ്യമായ സാമ്പത്തിക വരുമാനവും നല്കുന്ന മേഖലയാണിത്. കേരളത്തിൽ പ്രത്യേകിച്ച് മലബാർ മേഖലകളിൽ സാമ്പത്തിക സാമൂഹ്യ രംഗത്തുണ്ടായ ഗുണകരമായ മാറ്റങ്ങൾക്ക് ഈ മേഖല വൻ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അവിദഗ്ദ തൊഴിലാളികൾക്ക് പുറമെ സാങ്കേതിക രംഗത്ത് പരിശീലനം ലഭിച്ച തൊഴിലാളികളുടെ സേവനവും ഈ മേഖലയുടെ പ്രവർത്തനങ്ങൾക്ക് അനിവാര്യമാണ്. ഫുട്ട് വെയർ ഡിസൈൻ ആന്റ് ഡവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ (FDDI) നിന്നും പരിശീലനം ലഭിച്ച വിദഗ്ധ തൊഴിലാളികളാണ് പാദരക്ഷ നിർമ്മാണ കമ്പനികളിൽ ജോലിയ്ക്ക് പ്രാപ്തരായവർ. പാദരക്ഷകളുടെ രൂപകല്പന, നിർമ്മാണം, ലെതർ, അനുബന്ധ ഘടകങ്ങളുടെ ഡിസൈൻ, നിർമ്മാണം തുടങ്ങിയ മേഖലകളിൽ പരിശീലനം നല്കുന്ന സ്ഥാപനമാണ് FDDI. 1986 ൽ കേന്ദ്ര-വാണിജ്യ വ്യവസായ മന്ത്രാലയമാണ് ഈ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചത്. ഈ സ്ഥാപനം കേരളത്തിൽ ഇല്ല. നോയിഡ, റോത്തക്, ഗുണ, ഹൈദരാബാദ്, കൊൽക്കത്ത, ഫുർസത്ത്ഗഞ്ചു, അങ്കലേശ്വർ, പാട്ന, ജോധപൂർ, ചിന്ത്വാര, ചെന്നൈ, ചണ്ഡിഗഡ് എന്നീ 12 കാമ്പസുകളിലാണ് സാങ്കേതിക വിദ്യാഭ്യാസ പരിശീലനം നല്കുന്ന സ്ഥാപനങ്ങൾ. ഈ വിവിധ ക്യാമ്പസുകളിൽ 2390 സീറ്റുമുണ്ട്. രണ്ടും നാലും വർഷം കാലാവധിയുള്ള ബിരുധവും ബിരുധാനന്തര ബിരുധവും യോഗ്യതയുള്ളവർക്കാണ് ഈ പരിശീലന കോഴ്സുകളിൽ അർഹത. ഈ കോഴ്സുകളിൽ പരിശീലനം പൂർത്തിയാക്കിയ യുവാക്കൾ നമ്മുടെ സംസ്ഥാനത്ത് ആവശ്യത്തിന് ലഭ്യമല്ലാത്തതിനാൽ അന്യ സംസ്ഥാനങ്ങളിലെ വിദഗ്ധരായ തൊഴിലാളികളെയാണ് ഇവിടത്തെ ഫാക്ടറികൾ ആശ്രയിക്കുന്നത്. ദൂര സ്ഥലങ്ങളിൽ പോയി വൻ സാമ്പത്തിക ബുദ്ധിമുട്ടുകൾ സഹിച്ച് ഈ കോഴ്സുകളിൽ ചേരാൻ നമ്മുടെ സംസ്ഥാനത്തെ ചെറുപ്പക്കാർ വിമുഖത കാണിക്കുന്നതുകൊണ്ടാണ് ഈ ദുരവസ്ഥയ്ക്ക് കാരണം. സാങ്കേതിക പരിശീലനം നല്കുന്ന FDDI യുടെ ഒരു യൂണിറ്റ് നമ്മുടെ സംസ്ഥാനത്തും ആരംഭിക്കണമെന്ന ഒരാവശ്യം ദീർഘനാളായി ഉന്നയിച്ചു കൊണ്ടിരിക്കുകയാണ്. ഇവിടെ ഇത്തരം സ്ഥാപനം ആരംഭിച്ചാൽ ഇവിടത്തെ അഭ്യസ്ഥവിദ്യരായ യുവാക്കൾക്ക് ഈ കോഴ്സിൽ പരിശീലനം നേടി ഇവിടെതന്നെ ജോലിയിൽ പ്രവേശിക്കാൻ സാധിക്കുകയും ഇവിടത്തെ ഫാക്ടറികൾക്ക് ആവശ്യത്തിനുള്ള സാങ്കേതിക പരിശീലനമുള്ള വിദഗ്ധരെ നമ്മുടെ സംസ്ഥാനത്ത് നിന്നും ലഭിക്കുകയും ചെയ്യും.

ഈ വസ്തുതകൾ ഗൗരവമായി കണക്കിലെടുത്ത് FDDI യുടെ ഒരു യൂണിറ്റ് നമ്മുടെ സംസ്ഥാനത്ത് പ്രത്യേകിച്ച് കോഴിക്കോട് ജില്ലയിലെ കിനാലൂർ എസ്റ്റേറ്റിൽ സ്ഥാപിക്കാൻ കേരള സർക്കാർ ശക്തമായ സമ്മർദ്ദം കേന്ദ്ര-സർക്കാരിൽ ചെലുത്തണമെന്നാണ് ഈ മേഖലയിലെ വ്യവസായികളുടെ ആവശ്യം. ഇത് സാധിച്ചു കിട്ടിയാൽ പാദരക്ഷ നിർമ്മാണ മേഖലയിൽ ഒരു കുതിച്ചു ചാട്ടത്തിനും കൂടുതൽ തൊഴിൽ സൗകര്യങ്ങൾ സൃഷ്ടിക്കാനും സാധിക്കും.■

**ജോസഫ് പൈകട**
**ജനറൽ സെക്രട്ടറി**



**അഡ്വ. കെ.എസ്. ഹരിഹരൻ**
B.Com, LLB, MBA, LLM

**ചോദ്യം**

## പ്രിന്റർമാരുടെ ജി.എസ്.ടി. ബാധ്യതയെക്കുറിച്ച് വിശദീകരിക്കാമോ?

**രാജേഷ് ജി.,** മാനേജിംഗ് ഡയറക്ടർ,
രാജശ്രീ ഇൻഡസ്ട്രിയൽ പ്രിന്റേഴ്സ്

**ഉത്തരം**

പ്രിന്റർമാരുടെ GST ബാധ്യതയെക്കുറിച്ച് പഠിക്കുമ്പോൾ ആദ്യം മനസ്സിലാക്കേണ്ട കാര്യം പ്രിന്റർമാർ ചെയ്യുന്ന ഭൂരിഭാഗം സപ്ലൈകളും കോംപൊസിറ്റ് സപ്ലൈകൾ ആണ് എന്ന വസ്തുതയാണ്.

### കോംപൊസിറ്റ് സപ്ലൈ എന്നാൽ എന്ത്?

CGST ആക്ടിന്റെ സെക്ഷൻ 2(30)ൽ കോംപൊസിറ്റ് സപ്ലൈ എന്തെന്ന് നിർവചിക്കപ്പെട്ടിരിക്കുന്നു.

ബിസിനസിന്റെ സാധാരണ ഗതിയിൽ സ്വാഭാവികമായി സംയുക്തമായും, പരസ്പരം ബന്ധപ്പെട്ടും സപ്ലൈ ചെയ്യപ്പെടാറുള്ള, കൂട്ടത്തിൽ ഒരെണ്ണം പ്രിൻസിപ്പൽ സപ്ലൈ പ്രധാന സപ്ലൈ ആയ, രണ്ടോ അതിൽ കൂടുതലോ നികുതിബാധക ഗുഡ്സ്/സർവീസസ് സപ്ലൈകളെ, ഒരു നികുതിബാധക വ്യക്തി ഒരു സ്വീകർത്താവിന് സപ്ലൈ ചെയ്താൽ, അത്തരം സംയുക്ത സപ്ലൈ ആണ് കോംപൊസിറ്റ് സപ്ലൈ.

ജോബ്‌വർക്ക് സേവനങ്ങൾ നൽകുന്ന സാഹചര്യങ്ങളിലൊഴികെ ഏറെക്കുറെ മറ്റെല്ലാ സാഹചര്യങ്ങളിലും പ്രിന്റർമാർ പ്രിന്റ് ചെയ്യപ്പെട്ട ഗുഡ്സിന്റെ സപ്ലൈയും പ്രിന്റിംഗ് സർവീസിന്റെ സപ്ലൈയും ചേർന്ന കോംപൊസിറ്റ് സപ്ലൈകളാണ് ചെയ്യാറ്.

### കോംപൊസിറ്റ് സപ്ലൈയുടെ നികുതിബാധ്യത കണക്കാക്കുന്നതെങ്ങനെ?

കോംപൊസിറ്റ് സപ്ലൈകളുടെ നികുതിബാധ്യത കണക്കാക്കേണ്ടത് എങ്ങനെ എന്ന് CGST ആക്ടിന്റെ സെക്ഷൻ 8ൽ പറയുന്നു. സെക്ഷൻ 8 പ്രകാരം, കോംപൊസിറ്റ് സപ്ലൈകളുടെ നികുതിബാധ്യത എന്ത് എന്ന് കണക്കാക്കുന്നതിലേക്ക് ആദ്യ പടിയായി, ആ കോംപൊസിറ്റ് സപ്ലൈയുടെ പ്രിൻസിപ്പൽ കംപൊണെന്റ് പ്രധാന ഘടകം ഏത് എന്ന് നമ്മൾ നിർണ്ണയിക്കണം.

ഒരു പ്രിന്റർ ചെയ്യുന്ന കോംപൊസിറ്റ് സപ്ലൈയുടെ പ്രധാന ഘടകം ഗുഡ്സ് സപ്ലൈ ആണെങ്കിൽ, GST നിയമത്തിൽ ആ മുഴുവൻ സപ്ലൈയെയും ഗുഡ്സ് സപ്ലൈ ആയാണ് കണക്കാക്കേണ്ടത്.

ഒരു പ്രിന്റർ ചെയ്യുന്ന കോംപൊസിറ്റ് സപ്ലൈയുടെ പ്രധാന ഘടകം സർവീസ് സപ്ലൈ ആണെങ്കിൽ, GST നിയമത്തിൽ ആ മുഴുവൻ സപ്ലൈയെയും സർവീസ് സപ്ലൈ ആയാണ് കണക്കാക്കേണ്ടത്.

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം. 11/11/2017-GST dated 20-10-2017 എന്ന സർക്കുലർ, പ്രിന്റർമാർ ചെയ്യുന്ന കോംപൊസിറ്റ് സപ്ലൈകളിലെ പ്രിൻസിപ്പൽ സപ്ലൈ പ്രധാന സപ്ലൈ് ഏത് എന്ന് നിർണ്ണയിക്കേണ്ടതെങ്ങനെ എന്നതിന് ഒരു സൂചിക നൽകുന്നു. ഈ സർക്കുലറിന്റെ പ്രസക്ത ഭാഗങ്ങളുടെ പരിഭാഷ ചുവടെ:

4. 'പർച്ചേസർ കസ്റ്റമർ കണ്ടന്റ് നൽകുകയും കണ്ടന്റിന്റെ ഉപയോഗത്തിനുള്ള അവകാശാധികാരങ്ങൾ ആ പർച്ചേസറിന്റേത് ആയിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ പുസ്തകങ്ങൾ, ലഘുലേഖകൾ {pamphlets}, ബ്രോഷറുകൾ {brochures}, മാസികകൾ {magazines}, ആനുവൽ റിപ്പോർട്ടുകൾ മുതലായവ പ്രിന്റ് ചെയ്യവേ, പ്രിന്റർ പേപ്പർ സ്വന്തം കൈയിൽ നിന്നും എടുത്ത് പ്രിന്റ് ചെയ്യുകയാണെങ്കിൽക്കൂടി, അവിടെ നടക്കുന്നത് ഒരു കോംപൊസിറ്റ് സപ്ലൈ ആണ്. അവിടത്തെ പ്രിൻസിപ്പൽ സപ്ലൈ (പ്രധാന സപ്ലൈ) എന്നത് പർച്ചേസർ നൽകിയ കണ്ടന്റ് പ്രിന്റ് ചെയ്തു നൽകുക എന്ന സേവനമാണ്. അതിനാൽ ഈ കോംപൊസിറ്റ് സപ്ലൈ, (നോട്ടിഫിക്കേഷൻ നം. 11/2017-CT(R)- ന്റെ അനുബന്ധമായ സ്കീം ഓഫ് ക്ലാസ്സിഫിക്കേഷൻ ഓഫ് സർവീസസ് എന്ന പട്ടികയിലെ) 9989 എന്ന ഹെഡ്ഡിംഗിന് സർവീസ് കോഡിന് കീഴിൽ വരുന്ന ഒരു സർവീസ്-സപ്ലൈ ആയി കണക്കാക്കപ്പെടേണ്ടതാണ്.'

5. 'പർച്ചേസർ (കസ്റ്റമർ) ഡിസൈനോ ലോഗോയോ നൽകുകയും അവ ഉപയോഗിച്ചുകൊണ്ട് പ്രിന്റർ സ്വന്തം കൈയിൽ നിന്നും പേപ്പർ എടുത്ത് പ്രിന്റഡ് എൻവെലപ്പുകൾ, ലെറ്റർ കാർഡുകൾ, പ്രിന്റഡ് ബോക്സുകൾ, പ്രിന്റഡ് ടിഷ്യൂ പേപ്പറുകൾ, പ്രിന്റഡ് നാപ്കിനുകൾ, വാൾ പേപ്പറുകൾ മുതലായവ പ്രിന്റ് ചെയ്തു നൽകുന്ന സാഹചര്യങ്ങളിൽ, അവിടെ നടക്കുന്ന കോംപൊസിറ്റ് സപ്ലൈയിലെ പ്രിൻസിപ്പൽ സപ്ലൈ പ്രധാന സപ്ലൈ്യൂ എന്നത് എൻവെലപ്പുകൾ, ലെറ്റർ കാർഡുകൾ, ബോക്സുകൾ, ടിഷ്യൂ പേപ്പറുകൾ തുടങ്ങിയ ഗുഡ്സിന്റെ സപ്ലൈ ആണ്. പർച്ചേസർ നിർദ്ദേശിച്ചതോ നൽകിയതോ ആയ ഡിസൈനോ ലോഗോയോ ആ ഗുഡ്സിനു മേൽ പ്രിന്റ് ചെയ്യപ്പെടുക എന്ന പ്രക്രിയ ആ ഗുഡ്സിന്റെ സപ്ലൈയ്ക്ക് അനുബന്ധമായൊരു സപ്ലൈ മാത്രമാണ്. അതിനാൽ ഇത്തരം കോംപൊസിറ്റ് സപ്ലൈകൾ, കസ്റ്റംസ് താരിഫ് ആക്ട്, 1975 ന്റെ ആദ്യ ഷെഡ്യൂളിലെ ചാപ്റ്റർ 48-ലെയോ 49-ലെയോ അനുയോജ്യമായ ഹെഡ്ഡിംഗുകൾക്ക് HSN കോഡുകൾക്ക് കീഴിൽ വരുന്ന ഗുഡ്സ് സപ്ലൈകൾ ആയി കണക്കാക്കപ്പെടേണ്ടതാണ്.'

# GST ചോദ്യോത്തര പംക്തി

GST FOR PRINTERS



**പ്രിന്റർമാർ ചെയ്യുന്നത് നാല് തരം പ്രവൃത്തികൾ:**

GST നിയമത്തിൽ പ്രിന്റർമാർ ചെയ്യുന്ന പ്രവൃത്തികളെ നാല് വിഭാഗങ്ങളായി തിരിക്കാവുന്നതാണ്:

(A) സർവീസുകളുടെ സപ്ലൈ, (B) ഗുഡ്സിന്റെ സപ്ലൈ, (C) പ്രിന്റർമാർ GST രജിസ്ട്രേഷനുള്ള കസ്റ്റമർമാർക്കായി ചെയ്യുന്ന ജോബ് വർക്ക് സർവീസുകളുടെ സപ്ലൈ, (D) പ്രിന്റർമാർ GST രജിസ്ട്രേഷനില്ലാത്ത കസ്റ്റമർമാർക്കായി ചെയ്യുന്ന ജോബ് വർക്കിന് സമാനമായ സർവീസുകളുടെ സപ്ലൈ.

**(A) പ്രിന്റർമാർ ചെയ്യുന്ന സർവീസ് സപ്ലൈ:** ആകെ സപ്ലൈയുടെ പ്രധാന ഘടകം പ്രിന്റ് ചെയ്യപ്പെടുന്ന കണ്ടന്റ് (ഉള്ളടക്കം) ആണെങ്കിൽ, ആ കണ്ടന്റ് കസ്റ്റമറാണ് തരുന്നതെങ്കിൽ, പ്രിന്റിംഗ് മെറ്റീരിയലും പേപ്പർ തുടങ്ങിയവ) മറ്റ് ഭൗതിക ഇൻപുട്ടുകളും (മഷി തുടങ്ങിയവ) പ്രിന്റർ ആണ് എടുക്കുന്നതെങ്കിൽക്കൂടി, പ്രിന്റർ അവിടെ ചെയ്യുന്ന കോംപൊസിറ്റ് സപ്ലൈയുടെ പ്രിൻസിപ്പൽ കംപൊണന്റ് (പ്രധാന ഘടകം) പ്രിന്റിംഗ് സർവീസിന്റെ സപ്ലൈ ആണ്. അതിനാൽ ആ കോംപൊസിറ്റ് സപ്ലൈയേ GST ആവശ്യങ്ങൾക്കായി, 'പ്രിന്റിംഗ് സർവീസിന്റെ സപ്ലൈ' (Supply of Printing Service) ആയി കണക്കാക്കണം. ആ സംയുക്ത സപ്ലൈയ്ക്ക് ബാധകമായ സർവീസ് കോഡ്, പ്രിന്റിംഗ് സർവീസിന്റെ സർവീസ് കോഡ് ആയ 9989 ആണ്. ആ സപ്ലൈയുടെ GST നിരക്ക്, 9989 -നു കീഴിൽ വരുന്ന സർവീസുകൾക്ക് ബാധകമായ നിരക്കായ 18% ആണ്.

**(B) പ്രിന്റർമാർ ചെയ്യുന്ന ഗുഡ്സ്സപ്ലൈ:** ആകെ സപ്ലൈയുടെ പ്രധാന ഘടകം സപ്ലൈ ചെയ്യപ്പെടുന്ന ഗുഡ്സ് ആണെങ്കിൽ, പ്രിന്റിംഗ് എന്ന പ്രക്രിയ ആ ഗുഡ്സിന് ഒരു അനുബന്ധ മൂല്യം മാത്രമേ ചേർത്തുകൊടുക്കുന്നുള്ളൂ എങ്കിൽ, പ്രിന്റർ അവിടെ ചെയ്യുന്ന കോംപൊസിറ്റ് സപ്ലൈയുടെ പ്രിൻസിപ്പൽ കംപൊണെൻറ് പ്രധാന ഘടകം പ്രിന്റഡ് ഗുഡ്സിന്റെ സപ്ലൈ ആണ്. അതിനാൽ ആ കോംപൊസിറ്റ് സപ്ലൈയെ, GST ആവശ്യങ്ങൾക്കായി, 'പ്രിന്റഡ് ഗുഡ്സിന്റെ സപ്ലൈ' (supply of Printed Goods) ആയി കണക്കാക്കണം. ആ സംയുക്ത സപ്ലൈയ്ക്ക് ബാധകമായ HSN കോഡ്, അതത് പ്രിന്റഡ് ഗുഡ്സിന് ബാധകമായ HSN കോഡ് ആണ്. (48, 49 എന്നീ അക്കങ്ങളിൽ തുടങ്ങുന്ന HSN കോഡുകൾക്ക് കീഴിലാണ് ഒട്ടുമിക്ക പ്രിന്റഡ് ഗുഡ്സും വരുന്നത്. ഉദാഹരണം, 4901 പ്രിന്റഡ് ബുക്ക്സിന്റെ HSN കോഡ് ആണ്.) ആ സപ്ലൈയുടെ GST നിരക്ക്, നോട്ടിഫിക്കേഷൻ നം. 1/2017-CT(R) എന്ന നോട്ടിഫിക്കേഷനിൽ അതത് HSN കോഡിന് ബാധകമായ നിരക്കായി കൊടുത്തിരിക്കുന്ന നിരക്കാണ്. (ഉദാഹരണത്തിന്, 4901 എന്ന HSN കോഡിനു കീഴിൽ വരുന്ന ഗുഡ്സിന്റെ സപ്ലൈയുടെ മേലുള്ള GST നിരക്ക് nil ആണ്.)

**(C) പ്രിന്റർമാർ GST- രജിസ്ട്രേഷനുള്ള കസ്റ്റമർമാർക്കായി ചെയ്യുന്ന ജോബ്വർക്ക് സർവീസുകളുടെ സപ്ലൈ:**

GST നിയമത്തിനു കീഴിൽ, GST രജിസ്ട്രേഷനുള്ള ഒരു സപ്ലയർ, GST രജിസ്ട്രേഷനുള്ള ഒരു കസ്റ്റമർക്ക് ആ കസ്റ്റമർ നൽകുന്ന അപരിഷ്കൃത വസ്തുക്കളുടെ (raw materials) മേൽ ചെയ്തുകൊടുക്കുന്ന സേവനങ്ങളെ മാത്രമേ 'ജോബ്വർക്ക് സേവനം' '(service by way of job work') എന്ന് വിളിക്കുകയുള്ളൂ. GST രജിസ്ട്രേഷനുള്ള ഒരു സപ്ലയർ, GST രജിസ്ട്രേഷനില്ലാത്ത ഒരു കസ്റ്റമർക്ക്, ആ കസ്റ്റമർ നൽകുന്ന അപരിഷ്കൃത വസ്തുക്കളുടെ {raw

materials} മേൽ ചെയ്തുകൊടുക്കുന്ന സേവനങ്ങളെ' മറ്റൊരാളിന്റേതായ ഗുഡ്സിനു മേൽ ചെയ്തു നൽകപ്പെടുന്ന ട്രീറ്റ്മെന്റ് അല്ലെങ്കിൽ പ്രക്രിയയുടെ രൂപത്തിലുള്ള സേവനം' ('service by way of treatment or process done on goods belonging to others'എന്നാണ് വിളിക്കുക. മനസ്സിലാക്കാനുള്ള എളുപ്പത്തിനായി ഈ ലേഖനത്തിൽ നമുക്ക് ഇത്തരം സേവനങ്ങളെ, GST രജിസ്ട്രേഷനില്ലാത്ത കസ്റ്റമർക്ക് ചെയ്തുകൊടുക്കുന്ന ജോബ് വർക്കിന് സമാനമായ സേവനങ്ങൾ' എന്ന് വിശേഷിപ്പിക്കാം.

പ്രിന്റർ നൽകുന്ന സപ്ലൈയിലെ പ്രധാന ഇൻപുട്ടുകളായ കണ്ടന്റും ഉള്ളടക്കവും മെറ്റീരിയലും പേപ്പറും കസ്റ്റമറാണ് നൽകുന്നതെങ്കിൽ, കസ്റ്റമർ GSTരജിസ്ട്രേഷൻ ഉള്ള ആളാണെങ്കിൽ, മഷി പോലുള്ള ഭൗതിക ഇൻപുട്ടുകൾ പ്രിന്റർ സ്വന്തം കൈയിൽ നിന്നും എടുക്കുകയാണെങ്കിൽക്കൂടി ആ പ്രിന്റർ അവിടെ ചെയ്യുന്ന പ്രവൃത്തി ജോബ്വർക്ക് സർവീസിന്റെ സപ്ലൈ ആണ്. ജോബ്വർക്ക് സേവനങ്ങൾ എന്നത് സേവനങ്ങൾ എന്ന വിഭാഗത്തിനുള്ളിൽ ഉൾപ്പെടുന്ന ഒരു ഉപവിഭാഗമാണ്. പ്രിന്റിംഗുമായി ബന്ധപ്പെട്ട ജോബ്വർക്ക് സേവനങ്ങളുടെ സർവീസ് കോഡ് 9988 ആണ്. ജോബ്വർക്ക് സർവീസിന്റെ ഫലമായി ഉരുത്തിരിഞ്ഞുവരുന്ന ഗുഡ്സിന്റെ HSN കോഡ് എന്ത് എന്നതിനെ അടിസ്ഥാനപ്പെടുത്തി പ്രിന്റർമാർ ചെയ്യുന്ന ജോബ്വർക്ക് സേവനങ്ങൾക്ക് 5%, 12%, 18% എന്നിങ്ങനെയുള്ള GST നിരക്കുകൾ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

പ്രിന്റർമാർ ചെയ്യുന്ന 'ജോബ്വർക്ക് സേവനവും' ('service by way of job work') എന്ന് വിളിക്കുകയുള്ളൂ.' മറ്റൊരാളിന്റേതായ ഗുഡ്സിനു മേൽ ചെയ്തുനൽകപ്പെടുന്ന ട്രീറ്റ്മെന്റ് അല്ലെങ്കിൽ പ്രക്രിയയുടെ രൂപത്തിലുള്ള സേവനവും' '(service by way oft reatment or process done on goods belonging to others') തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്, കാരണം, അവയ്ക്ക് രണ്ടിനും പല സാഹചര്യങ്ങളിലും വ്യത്യസ്ത GST നിരക്കുകളാണ്.

**(D) പ്രിന്റർമാർ GST രജിസ്ട്രേഷനില്ലാത്ത കസ്റ്റമർമാർക്കായി ചെയ്യുന്ന ജോബ്വർക്കിന് സമാനമായ സർവീസുകളുടെ സപ്ലൈ:**

GST നിയമത്തിനു കീഴിൽ, GST രജിസ്ട്രേഷനുള്ള ഒരു സപ്ലയർ, GST രജിസ്ട്രേഷനുള്ള ഒരു കസ്റ്റമർക്ക് ആ കസ്റ്റമർ നൽകുന്ന അപരിഷ്കൃത വസ്തുക്കളുടെ (raw materials) മേൽ ചെയ്തുകൊടുക്കുന്ന സേവനങ്ങളെ മാത്രമേ 'ജോബ്വർക്ക് സേവനം' '(service by way of job work') എന്ന് വിളിക്കുകയുള്ളൂ. GSTരജിസ്ട്രേഷനുള്ള ഒരു സപ്ലയർ, GST രജിസ്ട്രേഷനില്ലാത്ത ഒരു കസ്റ്റമർക്ക്, ആ കസ്റ്റമർ നൽകുന്ന അപരിഷ്കൃത വസ്തുക്കളുടെ (raw materials) മേൽ ചെയ്തുകൊടുക്കുന്ന സേവനങ്ങളെ 'മറ്റൊരാളിന്റേതായ ഗുഡ്സിനു മേൽ ചെയ്തുനൽകപ്പെടുന്ന ട്രീറ്റ്മെന്റ് അല്ലെങ്കിൽ പ്രക്രിയയുടെ രൂപത്തിലുള്ള സേവനം' '(service by way of treatment or process done on goods belonging to others'} എന്നാണ് വിളിക്കുക.

മനസ്സിലാക്കാനുള്ള എളുപ്പത്തിനായി ഈ ലേഖനത്തിൽ നമുക്ക് ഇത്തരം സേവനങ്ങളെ, 'GST രജിസ്ട്രേഷനില്ലാത്ത കസ്റ്റമർക്ക് ചെയ്തുകൊടുക്കുന്ന ജോബ്വർക്കിന് സമാനമായ സേവനങ്ങൾ' എന്ന് വിശേഷിപ്പിക്കാം.

പ്രിന്റർ നൽകുന്ന സപ്ലൈയിലെ പ്രധാന ഇൻപുട്ടുകളായ കണ്ടന്റും ഉള്ളടക്കവും മെറ്റീരിയലും പേപ്പറും കസ്റ്റമറാണ് നൽകുന്നതെങ്കിൽ, കസ്റ്റമർ GST രജിസ്ട്രേഷൻ ഇല്ലാത്ത ആളാണെങ്കിൽ, മഷി പോലുള്ള ഭൗതിക ഇൻപുട്ടുകൾ പ്രിന്റർ സ്വന്തം കൈയിൽ നിന്നും എടുക്കുകയാണെങ്കിൽക്കൂടി ആ പ്രിന്റർ അവിടെ ചെയ്യുന്ന പ്രവൃത്തി GST രജിസ്ട്രേഷനില്ലാത്ത കസ്റ്റമർക്ക് നൽകുന്ന ജോബ്വർക്കിന് സമാനമായ സർവീസിന്റെ സപ്ലൈ ആണ്. GST രജിസ്ട്രേഷനില്ലാത്ത കസ്റ്റമർക്ക് നൽകുന്ന ജോബ്വർക്കിന് സമാനമായ സേവനങ്ങൾ എന്നത് സേവനങ്ങൾ എന്ന വിഭാഗത്തിനുള്ളിൽ ഉൾപ്പെടുന്ന ഒരു ഉപവിഭാഗമാണ്. GST രജിസ്ട്രേഷനില്ലാത്ത കസ്റ്റമർക്ക് നൽകുന്ന, പ്രിന്റിംഗുമായി ബന്ധപ്പെട്ട ജോബ്വർക്കിന് സമാനമായ സേവനങ്ങളുടെ സർവീസ് കോഡ് 9988 ആണ്. ജോബ്വർക്ക് സർവീസിന്റെ ഫലമായി ഉരുത്തിരിഞ്ഞുവരുന്ന ഗുഡ്സിന്റെ HSN കോഡ് എന്ത് എന്നതിനെ അടിസ്ഥാനപ്പെടുത്തി പ്രിന്റർമാർ ചെയ്യുന്ന ജോബ്വർക്കിന് സമാനമായ സേവനങ്ങൾക്ക് 5%, 12%, 18% എന്നിങ്ങനെയുള്ള GST നിരക്കുകൾ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

പ്രിന്റർമാർ ചെയ്യുന്ന 'ജോബ്വർക്ക് സേവനവും' '(service by way of job work') എന്ന് വിളിക്കുകയുള്ളൂ.' മറ്റൊരാളിന്റേതായ ഗുഡ്സിനു മേൽ ചെയ്തുനൽകപ്പെടുന്ന ട്രീറ്റ്മെൻറ് അല്ലെങ്കിൽ പ്രക്രിയയുടെ രൂപത്തിലുള്ള സേവനവും' ('service by way of treatment or process done on goods belonging to others') തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്, കാരണം, അവയ്ക്ക് രണ്ടിനും പല സാഹചര്യങ്ങളിലും വ്യത്യസ്ത GST നിരക്കുകളാണ്.

പ്രിന്റർമാരുടെ GST ബാധ്യത ഒരു വലിയ വിഷയമാണ്. അതിനെ സംബന്ധിക്കുന്ന ഒരു സൂചിക മാത്രമാണ് ഈ ലേഖനം. ഓരോ പ്രിന്റിംഗ് സ്ഥാപനങ്ങളും വിശദമായ വായനയിലൂടെയും പഠനത്തിലൂടെയും നിയമവശങ്ങൾ മനസ്സിലാക്കേണ്ടത് പ്രിന്റിംഗ് സ്ഥാപനങ്ങളുടെ നിലനിൽപ്പിനു തന്നെ അത്യാവശ്യമാണ്. നിയമവശങ്ങളുടെ നൂലാമാലകൾ കൃത്യമായി ഇഴതിരിച്ചെടുക്കാൻ കഴിയാത്തതിനാൽ സത്യസന്ധരായിരുന്നിട്ടുകൂടി ബാധ്യതകൾ നേരിടേണ്ടിവന്ന നിരവധി പ്രിന്റർമാരുണ്ട്. GST നിയമത്തെക്കുറിച്ച് ശരിയായ പരിജ്ഞാനം നേടി ബിസിനസിനെ ഉയർച്ചയിലേക്ക് നയിക്കാൻ ഓരോ പ്രിന്റിംഗ് സ്ഥാപനങ്ങളുടെയും സാരഥികൾക്കും സഹയാത്രികർക്കും കഴിയട്ടെ എന്ന് ലേഖകൻ ആശംസിക്കുന്നു.■

അസോസിയേഷന്റെ ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ ആണ് ലേഖകൻ
✆ 98462 27555, 79024 43188, 79070 00401



# രണ്ട് പതിറ്റാണ്ടിന്റെ പെരുമ

## മുളയുടെ അത്ഭുത ലോകം തീർത്ത് 21–ാമത് കേരള ബാംബു ഫെസ്റ്റ്



സൂരജ് എസ്.

എല്ലാ കൊല്ലവും വൈവിധ്യത, അതാണ് ഞങ്ങൾ നിങ്ങൾക്ക് ഉറപ്പ് നൽകുന്ന വാഗ്ദാനം. കേരള ബാംബൂ ഫെസിറ്റിന്റെ പരസ്യ വാചകമായി ഉൾപ്പെടുത്താവുന്ന വാക്കുകളാണ് ഇവ. കാരണം അത്രമാത്രം കൗതുകവും വൈവിധ്യതകളും നിറയുന്ന ഉത്പ്പന്നങ്ങളാണ് കഴിഞ്ഞ 21 വർഷവും തുടർച്ചയായി കേരള ബാംബൂ ഫെസ്റ്റ് സന്ദർശകർക്കായി ഒരുക്കി വച്ചത്.

മുള കൊണ്ട് അതിന് എന്ത് നിർമ്മിക്കാൻ കഴിയുമെന്ന് ചോദിക്കുന്നവർ മുളയിൽ എന്തൊക്കെ ഉത്പന്നങ്ങളാണ് ഇവർ നിർമ്മിക്കുന്നതെന്ന് ആശ്ചര്യപ്പെട്ടു. മടങ്ങുന്ന കാഴ്ചകൾക്കു കൂടിയാണ് ഓരോ ബാംബൂ ഫെസ്റ്റും വേദിയാകുന്നത്. കേരള വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി സംസ്ഥാന ബാംബൂ മിഷൻ സംഘടിപ്പിച്ച ഇരുപതിഒന്നാമത് കേരള ബാംബൂ ഫെസ്റ്റ് അക്ഷരാർത്ഥത്തിൽ കരകൗശല വിസ്മയമൊരുക്കിയാണ് അരങ്ങൊഴിഞ്ഞത്. കൊച്ചി മറൈൻ ഡ്രൈവിൽ ബഹു. നിയമ വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്ത മേളയിൽ വൻ ജന പങ്കാളിത്തമാണ് ഉണ്ടായിരുന്നത്. 5000 മുതൽ 10,000 ത്തിനു മുകളിൽ ആളുകൾ ദിനംപ്രതി 2024 ഡിസംബർ 7 മുതൽ 12 വരെ ആറു ദിവസങ്ങളിലായി സംഘടിപ്പിച്ച മേളയിൽ സന്ദർശകരായി എത്തിയിട്ടുണ്ടെന്നാണ് ഏകദേശ കണക്ക്. 180 സ്റ്റാളുകളിലായി കേരളത്തിൽ നിന്നും 300 ഉം, ഇതര സംസ്ഥാനങ്ങളായ അരുണാചൽ പ്രദേശ്, നാഗാലാൻഡ്, ആസാം, ത്രിപുര, ഛത്തീസ്ഗഡ്, തെലങ്കാന, തമിഴ്നാട്, മണിപ്പൂർ, മഹാരാഷ്ട്രാ, മേഘാലയ എന്നിവിടങ്ങളിൽ നിന്നും 50 ഓളം മുള കരകൗശല പ്രവർത്തകരും, മുള അനുബന്ധ സ്ഥാപനങ്ങളുമാണ് ബാംബൂ ഫെസ്റ്റിൽ പങ്കെടുത്തത്. ഭൂട്ടാനിൽ നിന്നുള്ളവരുടെ പങ്കാളിത്തം അന്താരാഷ്ട്ര തലത്തിലേയ്ക്ക് മേളയുടെ യശസ്സ് ഉയർത്തുന്നതിന് കാരണമായി.

മുള കൊണ്ടു തീർത്തൊരു അത്ഭുത ലോകം ആയിരുന്ന കേരള ബാംബൂ മിഷന്റെ നേതൃത്വത്തിലുള്ള 21-മത് കേരള ബാംബൂ ഫെസ്റ്റിവൽ. മുളയുത്പന്നങ്ങൾ, മുള ഭക്ഷ്യ വസ്തുക്കൾ, മുളന്തൈകൾ മുതൽ മുളയധിഷ്ഠിത കലാ സാംസ്ക്കാരിക പരിപാടികൾ വരെ ഒരു കുടക്കീഴിൽ ഒരുക്കി സന്ദർശകരുടെ മനം കവർന്നാണ് ബാംബൂ ഫെസ്റ്റിന് സമാപനം കുറിച്ചത്.

സംസ്ഥാന ബാംബൂ മിഷൻ സംഘടിപ്പിച്ച ഡിസൈൻ വർക്ഷോപ്പിലും പരിശീലന പരിപാടികളിലും രൂപകൽപ്പന ചെയ്ത വിവിധ ഉത്പന്നങ്ങൾ മേളയിലെ ബാംബൂ ഗാലറിയിൽ പ്രദർശിപ്പിച്ചു കൊണ്ടാണ് സന്ദർശകരെ



ഫെസ്റ്റിലേക്ക് വരവേറ്റത്. മുള കൊണ്ട് നിർമ്മിച്ച അടുക്കള ഉപകരണങ്ങൾ, അലങ്കാര വസ്തുക്കൾ, പെയിന്റിങ്ങ്, വുഡൻ ക്രാഫ്റ്റ്, ആഭരണങ്ങൾ എന്നിവ മേളയെ ആകർഷണീയമാക്കി. ക്രിസ്തുമസ് അടുത്തതിനാൽ അതിനോടനുബന്ധിച്ച അലങ്കാര വസ്തുക്കൾക്കും മുള കൊണ്ടുള്ള പുഷ്പങ്ങൾക്കും ആവശ്യക്കാർ ഏറെയായിരുന്നു. വിദേശത്ത് നിന്നെത്തിയവരും ഇത്തവണത്തെ മേളയിൽ നിന്ന് ബൾക്ക് ഓർഡറുകൾ നൽകിയിട്ടുണ്ട്. വയനാട്ടിൽ നിന്ന് മാത്രം 50 ലധികം ആളുകളാണ് മേളയുടെ ഭാഗമായത്. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ള മുള ഉൽപന്നങ്ങളും വൻ തോതിൽ വിറ്റഴിക്കാനായി.

## പെരുമയുയർത്തി ഉദ്ഘാടനം

രണ്ടു പതിറ്റാണ്ട് തുടർച്ചയായി 21 വർഷങ്ങൾ. 2004 ൽ ആരംഭിച്ച വാർഷിക മേളയായ കേരള ബാംബൂ ഫെസ്റ്റിവലിന്റെ തുടർച്ചയായി 21-ാം പതിപ്പിനാണ് 2024 ഡിസംബർ 7ന് തിരി തെളിഞ്ഞത്. കോവിഡ് മഹാമാരിയുടെ പശ്ചാതലത്തിൽ പോലും പ്രതിസന്ധികളിൽ തളരാതെ 17-ാമത് ബാംബു ഫെസ്റ്റ് വീർച്വൽ എക്സിബിഷനായി സംഘടിപ്പിച്ചിരുന്നു. തുടർന്ന് നടന്ന 18-ാമത് കേരള ബാംബൂ ഫെസ്റ്റ് കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചു കൊണ്ട് വിജയകരമായി സംഘടിപ്പിക്കുകയും ചെയ്തു. ഇടവേളയില്ലാത്ത കേരള ബാംബൂ ഫെസ്റ്റിന്റെ 21-ാം പതിപ്പിന് നിറപ്പാകിട്ടാർന്ന തിരി തെളിഞ്ഞപ്പോൾ സംഘടനാമികവും മുള മേഖലയിലെ കരകൗശല കലാകാരന്മാരുടെ പങ്കാളിത്തവും ചരിത്ര പുസ്തകത്തിൽ മറ്റൊരു അടയാളം കൂടി രേഖപ്പെടുത്തുകയായിരുന്നു.





2024 ഡിസംബർ 7 ന് പ്രത്യേകം തയ്യാറാക്കിയ വേദിയിൽ ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് 21-ാമത് കേരള ബാംബൂ ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്തു. ബഹു. എറണാകുളം എം.എൽ.എ. ടി.ജെ. വിനോദ് അധ്യക്ഷനായി. ബഹു. എം.പി. ഹൈബി ഈഡൻ മുഖ്യപ്രഭാഷണം നടത്തി. വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്, എറണാകുളം കളക്ടർ എൻ.എസ്.കെ. ഉമേഷ് ഐ.എ.എസ്, ഐ.ഐ.എം. ഇൻഡോർ ഡയറക്ടർ ഹിമാൻഷു റായ്, വ്യവസായ വാണിജ്യ അഡീഷണൽ ഡയറക്ടർമാരായ രാജീവ്.ജി. ഡോ. കെ.എസ്. കൃപകുമാർ, സംസ്ഥാന ബാംബൂ കോർപ്പറേഷൻ ചെയർമാൻ ടി.കെ. മോഹനനൻ, കെ-ബിപ്പ് സി.ഇ.ഒ. സൂരജ്.എസ്, കേരള വന ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ. കണ്ണൻ സി. എസ്. വാര്യർ , കൊച്ചി കോർപ്പറേഷൻ കൗൺസിലർ മനു ജേക്കബ്, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി.എ. നജീബ് എന്നിവർ പങ്കെടുത്തു,



## യുവാക്കളുടെയും മുളമേള

ഓരോ കൊല്ലവും കൂടുതൽ യുവജനങ്ങൾ മുള ഉത്പന്ന നിർമ്മാണ മേഖലയിൽ ആകൃഷ്ടരാകുകയും ബാംബൂ ഫെസ്റ്റിവൽ പങ്കാളികളാകുകയും ചെയ്യുന്നു എന്നത് അഭിമാനകരമായ വസ്തുതതയാണ്. മുള മേഖലയിലെ സാധ്യതകളും അവസരങ്ങളും മനസ്സിലാക്കിയാണ് യുവജനത മുള ഉത്പന്ന നിർമ്മാണ മേഖലയിലേക്ക് കടന്നു വരുന്നു എന്നത് നിലവിൽ ഈ മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ചവരെയും സന്തോഷവാന്മാരാക്കുന്നു.

കേരളത്തിലെ യുവാക്കൾ കൂട്ടത്തോടെ അന്യ രാജ്യങ്ങളിലേക്ക് കുടിയേറ്റം ചെയ്യപ്പെടുമ്പോൾ ജീവന്റെ നിലനിൽപ്പിനും സുസ്ഥിര വികസനത്തിനും പ്രകൃതിയുമായി അടുത്ത് നിൽക്കേണ്ടതിന്റെ ആവശ്യകത ബോധ്യമായ യുവജനങ്ങൾ ആണ് 21 ആം കേരള ബാംബൂ ഫെസ്റ്റിന്റെ ഐക്കണുകളായി മാറുന്നത്. പച്ച, ലൈഫ്, ആല തുടങ്ങി വിവിധ സ്റ്റാളുകളിലായി അഭ്യസ്തവിദ്യരായ യുവജനങ്ങൾ ബാംബൂ ഫെസ്റ്റിൽ നിറഞ്ഞു നിൽക്കുന്നത് അടയാളപ്പെടുത്തൽ കൂടിയാണ്. കാലമെത്രയായാലും കലയുടെ അതിജീവനം സാധ്യമാണ് എന്ന ഓർമ്മപ്പെടുത്തൽ.

## കടൽ കടക്കാനൊരുങ്ങി മുള ഉത്പന്നങ്ങൾ

സന്ദർശകർക്ക് അത്ഭുതവും, കൗതുകവും നിറക്കുന്ന കേരള ബാംബൂ ഫെസ്റ്റ് കരകൗശല കലാകാരന്മാർക്ക് മുന്നിൽ അവസരങ്ങളിലൂടെ വലിയ വാതായനങ്ങളാണ് ഓരോ കൊല്ലവും തുറന്നു നൽകുന്നത്. പല കലാകാരന്മാരുടെയും അന്താരാഷ്ട്ര മാർക്കറ്റിലേക്കുള്ള ചുവ

ടുവയ്പ്പ് മുള മേളയിൽ നിന്നുമാണ് എന്നത് മേളയിൽ പങ്കാളിത്തം അറിയിക്കുന്ന ഓരോരുത്തർക്കും ആത്മ വിശ്വാസവും പ്രതീക്ഷയും നൽകുന്നതാണ്. ഇക്കൊല്ലം മേളയുടെ രണ്ടാം ദിവസം തന്നെ സ്വീഡനിൽ നിന്നെ ത്തിയ വിദേശ സന്ദർശകരിൽ നിന്നും 5 ലക്ഷം രൂപയ്ക്കു മുകലിലുള്ള എക്സ്പോർട്ടിങ്ങ് ഓർഡറുകളാണ് സ്റ്റോ റൂട്ട്സ്, ആഗസ്, എന്റർപ്രൈസസ് എന്നീ 2 സ്റ്റാളുകൾ ക്കായി ലഭിച്ചത്. ഇവരിൽ നിന്നും റിസോർട്ടുകളിലേക്കും വീടുകളിലേക്കുമുള്ള ഇന്റീരിയർ ഡെക്കറേഷനുകൾക്കാ വശ്യമായ വൈവിധ്യമാർന്ന ലാംബ് ഷെയ്ഡ്കളാണ് വെളിച്ചം വിതറി കൊണ്ട് കടൽ കടക്കാൻ ഒരുങ്ങുന്നത്. ഇത് കൂടാതെ ജപ്പാൻ, ഇറ്റലി തുടങ്ങിയ വിവിധ വിദേശ രാദ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിനായി നിരവധി ഇടനിലക്കാരും കലാകാരന്മാരുമായി ഇടപാടിൽ എർ പ്പെടുന്നുണ്ട്. സംസ്ഥാനത്തിനകത്തു നിന്നും നിരവധി ഓർഡറുകൾ കരകൗശല കലാകാരന്മാരെ തേടി വരു ന്നതായി സാക്ഷ്യപ്പെടുത്തുന്നത് തന്നെയാണ് മേളയുടെ വിജയം.

### ഒറ്റ ദിവസം കൊണ്ട് സ്റ്റാൾ കാലി

21-ാമത് കേരള ബാംബൂ ഫെസ്റ്റിൽ ആദ്യ ദിനം ഒരു സ്റ്റാളിൽ നടന്നത് 50,000 രൂപയുടെ കച്ചവടം.

ഉദ്ഘാടനം ദിവസം തന്നെ 21-ാം കേരള ബാംബൂ ഫെ സ്റ്റിലെ സ്റ്റാൾ പൂട്ടി പോകേണ്ട ധർമസങ്കടത്തിലായിരുന്നു അരുണാചൽ പ്രദേശിൽ നിന്നും മേളയിൽ പങ്കെടുക്കാ



നെത്തിയ കലാകാരി. ദിവസങ്ങൾ പണിപ്പെട്ട് ഉണ്ടാക്കിയ നല്ല സുന്ദരൻ മുള പുഷ്പങ്ങൾ ആദ്യ ദിവസം തന്നെ വിറ്റു തീർത്തതിന്റെ ചാരിതാർഥ്യത്തിൽ ആവേശത്തോടെ പുതു പുഷ്പങ്ങൾ നിർമ്മിച്ചാണ് കേരള ബാംബൂ ഫെസ്റ്റിലെ നിത്യ സാന്നിധ്യമായ ഈ കലാകാരി പിന്നിടുള്ള ദിവ സങ്ങളിൽ തന്റെ കലാ മികവ് പ്രകടമാക്കിയത്. കേരള ബാംബൂ ഫെസ്റ്റ് സന്ദർശിക്കാനെത്തിയ സ്വീഡനിൽ നിന്നുള്ള വിദേശ സഞ്ചാരി 50,000 രൂപയുടെ പുഷ്പങ്ങ ളാണ് ഇവരിൽ നിന്നു സ്വന്തമാക്കിയത്.

കര കൗശല വിദഗ്ധരുടെ പ്രകടന മികവും ഉത്പന്നത്തി ന്റെ ഗുണമേന്മയിലും സൗന്ദര്യത്തിലും ആകൃഷ്ടരായി നിരവധി സന്ദർശകരാണ് ഇത്തരം മികവുറ്റ ഉത്പന്നങ്ങൾ സ്വന്തമാക്കാൻ എത്തുന്നത്. സന്ദർശകരുടെ നിർലോ ഭമായ പിന്തുണയും സഹകരണവും ഓരോ വർഷവും മികവുറ്റ ഉത്പന്നങ്ങൾ ബാംബൂ ഫെസ്റ്റിൽ പ്രദർശിപ്പിക്കു ന്നതിന് കലാകാരന്മർക്ക് ഊർജ്ജം നൽകുന്നവയാണ്. ■

**കെ-ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് ലേഖകൻ**

## കരകൗശല പ്രവർത്തകർക്കായി സൗജന്യ രജിസ്ട്രേഷൻ സ്റ്റാളും



**21-ാം** കേരള ബാംബൂ ഫെസ്റ്റിൽ, കേരള സംസ്ഥാന ബാംബൂ മിഷൻ മുള മേഖല യിലെ കരകൗശല പ്രവർത്തകർക്കായി ഏർപ്പെടുത്തിയിരിക്കുന്ന സൗജന്യ രജിസ്ട്രേ ഷൻ സ്റ്റാളിൽ തിരക്കൊഴിഞ്ഞ നേരം ഉണ്ടായിരുന്നില്ല. മുള, ഈറ്റ എന്നിവ ഉപയോഗിച്ച് കരകൗശല ഉത്പ ന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്ന കലാകാരന്മാർക്കായാണ് ബാംബൂ മിഷൻ സ്റ്റാളിൽ രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിരുന്നത്. നിരവധി കരകൗശല പ്രവർത്തകരാണ് ഈ സൗകര്യം പ്രയോജനപ്പെടുത്തിയത്.

രജിസ്ട്രേഷൻ പൂർത്തിയാക്കിയ കരകൗശല പ്രവർത്തകർക്ക് ബാംബൂ മിഷൻ ഐ.ഡി. കാർഡുകൾ വൈകാതെ ലഭ്യമാക്കും. ഇതിന്റെ ആദ്യഘട്ട ഉദ്ഘാടനം 21-ാമത് കേരള ബാംബൂ ഫെസ്റ്റിന്റെ ഉദ്ഘാടന വേളയിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് തിരഞ്ഞെടുക്കപ്പെട്ട 6 കരകൗശല പ്രവർത്തകർക്ക് വിതരണം ചെയ്തു കൊണ്ട് നിർവഹിച്ചിരുന്നു.

വരും വർഷങ്ങളിൽ രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുള്ള കരകൗശല പ്രവർത്തകർക്കാകും കേരള ബാംബൂ ഫെസ്റ്റ് ഉൾപ്പെടെയുള്ള വേദികളിൽ മുൻഗണന നൽകുക. കരകൗശല പ്രവർത്തകർക്ക് ഓൺലൈൻ ആയും രജിസ്ട്രേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കാവുന്നതാണ്. രജിസ്ട്രേഷനും വിശദവിവരങ്ങൾക്കുമായി keralabamboomission.org സന്ദർശിക്കുക.

# റാംപ്: ചെറുകിട വ്യവസായങ്ങളുടെ വേഗത കൂട്ടാൻ കേന്ദ്ര പദ്ധതി



ടി.എസ്. ചന്ദ്രൻ

ചെറുകിട വ്യവസായങ്ങളുടെ പ്രകടനത്തിന് വേഗത കൂട്ടാൻ റാംപ് (Rising and Accelerating MSME Performance RAMP) എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കി വരികയാണ് കേന്ദ്ര സർക്കാർ. എം.എസ്.എം.ഇ. കളുടെ പ്രവർത്തനങ്ങളിൽ ഫലപ്രദമായ ഇടപെടൽ റാംപിലൂടെ നടത്തും. വേൾഡ് ബാങ്കിന്റെ സഹായത്തോടെ 2022-23 മുതൽ 2026-27 വരെയാണ് റാംപ് പദ്ധതി. 6062 കോടി രൂപയാണ് പദ്ധതിയുടെ അടങ്കൽ 'കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയമാണ് പദ്ധതി നടപ്പാക്കുന്നത്. ഇന്ത്യയിലെ 5.50 ലക്ഷം സംരംഭങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം കിട്ടുമെന്നാണ് പ്രതീക്ഷ.

### റാംപിന്റെ ലക്ഷ്യങ്ങൾ

1. കേന്ദ്രസംസ്ഥാന വ്യവസായ പ്രോത്സാഹന സംവിധാനങ്ങളെ ശക്തിപ്പെടുത്തുക.
2. എം.എസ്.എം.ഇ. കളുടെ ധനലഭ്യത, സാങ്കേതിക ക്ഷമത, വിപണനം എന്നിവ മെച്ചപ്പെടുത്തുക.
3. നിലവിലുള്ള സംരംഭങ്ങളെ ഫലപ്രദമായി വളർത്തിയെടുക്കുക.
4. MSME കളുടെ ബിൽ ഡിസ്കൗണ്ടിംഗ് സൗകര്യം വിപുലപ്പെടുത്തുക.
5. പരിസ്ഥിതി സൗഹൃദ സംരംഭങ്ങൾക്ക് മതിയായ പ്രോത്സാഹനം നൽകുക.
6. എം.എസ്.എം.ഇ. കൾക്ക് ലഭിക്കാനുള്ള തുകകൾ കൃത്യസമയത്ത് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്ന സംവിധാനങ്ങൾ നടപ്പിലാക്കുക.

### തന്ത്രപരമായ നിക്ഷേപ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കണം.

ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി ദീർഘവീക്ഷണത്തോടെയുള്ള നിക്ഷേപ പദ്ധതികൾ സംസ്ഥാന

**റാംപിന്റെ ഭാഗമായി കേരള സംസ്ഥാനം സമർപ്പിച്ച പദ്ധതികൾ**

| നം. | പദ്ധതി | (രൂപ കോടിയിൽ) |
|---|---|---|
| 1 | മിഷൻ 1000 (1000 സംരംഭങ്ങളുടെ ഉൽപാദനശേഷി ഉയർത്തുന്നതിനുള്ള സമഗ്ര പദ്ധതി). | 10.40 |
| 2 | മേക്ക് ഇൻ കേരള. | 31.31 |
| 3 | എനർജി സേവിങ്, പ്രകൃതി സൗഹൃദം, എം.എസ്.എം.ഇ. കളുടെ അവാർഡ്, നല്ല പ്രവണതകൾക്കുള്ള അംഗീകാരം. | 1.12 |
| 4 | ഡിജിറ്റൽ സാങ്കേതികവിദ്യയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ. | 17.34 |
| 5 | ധനലഭ്യത ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകൽ. | 2.04 |
| 6 | മെയ്ഡ് ഇൻ കേരളയെ പ്രമോട്ട് ചെയ്യുന്നതിന് മാർക്കറ്റിംഗ് ഏജൻസികളെ നിശ്ചയിക്കൽ. | 8.00 |
| 7 | വ്യവസായ പ്രോത്സാഹന സ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ (ജില്ലാ വ്യവസായ കേന്ദ്രങ്ങളെയും അനുബന്ധ സ്ഥാപനങ്ങളെയും ശക്തിപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ട്). | 2.88 |
| 8 | സംരംഭക വിഭാഗങ്ങളിലെ ഇടപെടലുകൾക്ക് (ഓരോ സെക്ടറുകൾക്കും ഉള്ള പരിശീലനം, വർക്ക്ഷോപ്പുകൾ, ടെസ്റ്റിംഗ് സൗകര്യങ്ങൾ കോൺക്ലേവുകൾ, സെൻസസുകൾ തുടങ്ങിയവയ്ക്ക്). | 29.49 |
| 9 | പ്രചാരണത്തിനും പഠനത്തിനും അനുബന്ധ ചെലവുകൾക്കും (5 %). | 5.13 |
| | **ആകെ** | **107.71** |

# RAISING & ACCELERATING MSME PERFORMANCE (RAMP)

സർക്കാരുകളും യൂണിയൻ ടെറിറ്ററികളും തയ്യാറാക്കി സമർപ്പിക്കണം എന്നാണ് കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയം നൽകിയിരിക്കുന്ന നിർദ്ദേശം. അത്തരത്തിൽ പദ്ധതികൾ തയ്യാറാക്കി മിക്കവാറും സംസ്ഥാനങ്ങൾ എല്ലാം സമർപ്പിച്ചു കഴിഞ്ഞു. പദ്ധതിയുടെ പ്രാരംഭ ചിലവുകൾക്കായി അഞ്ചു കോടി രൂപ എല്ലാ സംസ്ഥാന/ കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും അനുവദിക്കുകയും ചെയ്തു. അനുസരിച്ച് സമഗ്രമായ പദ്ധതിയും കേരളം തയ്യാറാക്കി സമർപ്പിച്ച് അംഗീകാരം നേടിക്കഴിഞ്ഞു.

### 107.71 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര അംഗീകാരം

റാംപിന്റെ ഭാഗമായി കേരള സംസ്ഥാനം സമർപ്പിച്ചത് 107.71 കോടിയുടെ പദ്ധതികളാണ്. ഇവയ്ക്ക് കേന്ദ്ര അംഗീകാരം ലഭിച്ചു കഴിഞ്ഞു. സംസ്ഥാനം സമർപ്പിച്ച പദ്ധതികളുടെ വിശദാംശങ്ങൾ മുൻ പേജിലെ പട്ടികയിൽ നല്കിയിരിക്കുന്നു. ഇതിന്റെ ഭാഗമായി 400 ബിസിനസ് ഡെവലപ്മെന്റ് സർവീസ് പ്രൊവൈഡർ (BDSP) മാരെ 2025 ജനുവരിയിൽ തന്നെ നിയമിക്കും. 100 പേരെ മറ്റ് വിവിധ ആവശ്യങ്ങൾക്കുമായി നിയമിക്കും. നിലവിൽ പ്രവർത്തിച്ചു വരുന്നു വന്നിരുന്ന EDE മാരെ ഒഴിവാക്കും. 1150 EDE മാർ ഇങ്ങനെ പ്രവർത്തിച്ചുവന്നിരുന്നു. അവരുടെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ നൽകി കഴിഞ്ഞു. പഞ്ചായത്തുകളിൽ ഓരോ EDE മാർ ആണ് ഉണ്ടായിരുന്നത്. മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ഒന്നിലധികം EDE മാരും ഉണ്ടായിരുന്നു. പ്രസ്തുത സ്ഥാനത്ത് 400 + 100 BDSP മാരെ നിയമിക്കുകയും അതിന്റെ ശമ്പള ആനുകൂല്യങ്ങൾ ഈ പദ്ധതിയിൽ നിന്നും നിർവഹിക്കുകയും ചെയ്യും.

വ്യവസായ പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുന്നതിൽ വരുന്ന സംസ്ഥാനങ്ങളുടെ ചിലവുകൾ കുറയ്ക്കുന്നതിനും കുറച്ചുകൂടി സാങ്കേതികമായി ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുന്നതിനും സജ്ജരാക്കുന്നതിനും റാംപ് പദ്ധതി കൊണ്ട് കഴിയുന്നതാണ്. ചെറുകിട സംരംഭകർക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന സ്കീമുകൾക്കല്ല റാംപിൽ പ്രാധാന്യം നൽകിയിരിക്കുന്നത്. എങ്കിലും ചില സ്ഥാപനങ്ങളുടെ ശേഷി ഉയർത്തുന്നതിന് ആവശ്യമായ പദ്ധതികളും പ്രോത്സാഹനവും റാംപിന്റെ ഭാഗമായി ലഭിക്കുകയും ചെയ്യും.■

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**

KSSIA [KSSF]

## കെ.എസ്.എസ്.ഐ.എ. സോഷ്യൽ സെക്യൂരിറ്റി ഫണ്ട് മരണാനന്തര സഹായം




കോട്ടയം ജില്ലയിലെ അന്തരിച്ച കെ.എസ്.എസ്.എഫ്. അംഗമായ പി.കെ. ജയകുമാറിന്റെ കുടുംബത്തിന് മരണാനന്തര സഹായമായ പത്തം ലക്ഷം രൂപയുടെ ചെക്ക് ബഹു. വ്യവസായ വകുപ്പ് മന്ത്രി പി. രാജീവിന്റെയും, സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീന്റെയും സാന്നിദ്ധ്യത്തിൽ ബഹു. കേരള സംസ്ഥാന മുഖ്യമന്ത്രി പിണറായി വിജയൻ കൈമാറുന്നു.

## ഇൻവെസ്റ്റ് കേരള ആഗോള സംരംഭക സംഗമം

# വ്യാവസായിക നവോത്ഥാനത്തെ വരവേൽക്കാൻ കേരളം ഒരുങ്ങുന്നു



എസ്. ഹരി കിഷോർ ഐ.എ.എസ്.

'വിദ്യകൊണ്ട് പ്രബുദ്ധരാവുക, സംഘടനകൊണ്ട് ശക്തരാവുക, പ്രയത്നംകൊണ്ട് സമ്പന്നരാവുക; വ്യവസായം കൊണ്ടല്ലാതെ ധനാഭിവൃധി ഉണ്ടാക്കുവാൻ സാധിക്കുന്നതല്ല' കേരളീയ സമൂഹത്തെ നവോത്ഥാനത്തിലേക്ക് നയിച്ച ശ്രീ നാരായണ ഗുരുവിന്റെ മഹത്തായ വചനങ്ങളാണിത്. വ്യവസായ പുരോഗതിയാണ് ഒരു സമൂഹത്തെ സാമ്പത്തികമായി കരുത്തരാക്കുന്നത്. സാംസ്കാരിക സമ്പന്നതയ്ക്കും പ്രകൃതിമനോഹാരിതക്കും പേരുകേട്ട കേരളം ഇന്ന് വ്യവസായ പുരോഗതിയിൽ അഭിമാനകരമായ മുന്നേറ്റം നടത്തുകയാണ്. പരമ്പരാഗത കാഴ്ചപ്പാടുകളെ പുനർനിർവചിച്ചും, വൈവിധ്യമാർന്ന നിക്ഷേപ സാദ്ധ്യതകൾ ഒരുക്കിയും വ്യവസായ സൗഹൃദ സംസ്ഥാനമെന്ന നിലയിൽ കേരളം ദേശീയ തലത്തിൽ ശ്രദ്ധേയമാകുകയാണ്.

സംസ്ഥാനത്തിന്റെ തൊഴിൽ നൈപുണ്യവും വ്യവസായ സൗഹൃദ അന്തരീക്ഷവും നിക്ഷേപകർക്ക് വലിയ സാധ്യതകളാണ് നൽകുന്നത്. വ്യവസായത്തിനുള്ള ലൈസൻസ് ഒരു മിനിറ്റിനുള്ളിൽ ഓൺലൈൻ സംവിധാനമായ കെ-സ്വിഫ്റ്റ് വഴി നൽകുക, ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം (കെ-സിസ്) വഴി രേഖകൾ പരിശോധിച്ച് അതിവേഗം ലഭ്യമാക്കുക തുടങ്ങി വിവിധ നൂതന പദ്ധതികളാണ് വ്യവസായ പുരോഗതിക്കായി സംസ്ഥാന സർക്കാർ ഒരുക്കുന്നത്. വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള കാര്യത്തിൽ കേരളത്തെക്കുറിച്ചുള്ള മുൻധാരണകൾ മാറുന്നതിന് ഇത്തരം നടപടിയിലൂടെ സാധിച്ചു. മാത്രമല്ല ചരിത്രത്തിൽ ആദ്യമായി വ്യവസായ സൗഹൃദ റാങ്കിങ്ങിൽ കേരളം രാജ്യത്ത് ഒന്നാമതെത്താനും ഇത്തരം പദ്ധതികൾ സഹായകരമായി. 'സംരംഭക വർഷം 2022 -23'ന്റെ ഭാഗമായി മൂന്നുലക്ഷത്തിലധികം സംരംഭങ്ങൾ ആരംഭിക്കാനും 21,299 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കാനും ഏഴ് ലക്ഷത്തോളം പേർക്ക് തൊഴിൽ നല്കാകനുമായി. ഇതിൽ 31 ശതമാനം വനിതാ സംരംഭകരാണ്. മൂന്നര വർഷത്തിനുള്ളിൽ 44,000 കോടി രൂപയുടെ നിക്ഷേപം കേരളത്തിനകത്തുനിന്നു മാത്രം ആകർഷിക്കാനായതും സംസ്ഥാനത്തിന്റെ നേട്ടമാണ്.

നൈപുണ്യശേഷിയുള്ള തൊഴിലാളികൾ, വൈജ്ഞാനിക സമൂഹം എന്നിവ കേരളത്തിന്റെ കരുത്താണ്. വൈജ്ഞാനിക മൂലധനം ലക്ഷ്യമിടുന്ന സംസ്ഥാനം കൂടുതൽ വേഗതയും സുതാര്യവുമായ പദ്ധതികളാണ് വ്യവസായ ലോകത്തിനായി ഒരുക്കുന്നത്. രാജ്യത്ത് ഐടി, ഇതര നൂതന സാങ്കേതികവിദ്യാ മേഖലയിൽ സംസ്ഥാനം ഇന്ന് മുന്നിലാണ്. കൂടാതെ ആരോഗ്യ ഉപകരണങ്ങളുടെ നിർമ്മാണത്തിൽ ലോകോത്തര കമ്പനികൾ പ്രവർത്തിർക്കുന്നത് കേരളത്തിലാണ്. പ്രതിരോധ ബഹിരാകാശ മേഖലയുമായി ബന്ധപ്പെട്ട സാങ്കേതിക നിർമ്മാണ കമ്പനികൾക്കും വലിയ അവസരങ്ങളാണ് സംസ്ഥാനം തുറന്നിടുന്നത്. വ്യവസായരംഗത്തെ ഇത്തരം വിപ്ലവകരമായ മാറ്റങ്ങൾ സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നു.

ഭാരതത്തിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിൽ കേരളം ഇന്ന് മുൻപന്തിയിലാണ്. രാജ്യത്തിന്റെ 1.18 ശതമാനം മാത്രം വലുപ്പമുള്ള കേരളം ജിഡിപിയിലേക്ക് 4 ശതമാനം സംഭാവന ചെയ്യുന്നുണ്ട്. ഇത് കേരളം വ്യവസായ സൗഹൃദമല്ലെന്ന കാഴ്ചപ്പാട് പാടെ മാറ്റുന്നതാണ്. പുതിയ സാധ്യതകൾ തിരിച്ചറിഞ്ഞുകൊണ്ടുള്ള വ്യവസായ പദ്ധതികൾ ആവിഷ്കരിക്കാനും നിക്ഷേപം ആകർഷിക്കാനും ലക്ഷ്യമിടുന്ന സംസ്ഥാനം വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക സുരക്ഷ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ മികച്ച നേട്ടങ്ങൾ സ്വന്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യം പൂർണമായും ഉപയോഗപ്പെടുത്തുന്നതിന് നിക്ഷേപക സമൂഹത്തിന്റെയും വ്യവസായ പ്രമുഖരുടെയും പിന്തുണയും സഹകരണവും ഉണ്ടാകേണ്ടതുണ്ട്. ഈ ഉൾക്കാഴ്ചയുടെ അടിസ്ഥാനത്തിലാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ (കെ.എസ്.ഐ.ഡി.സി.) ആഭിമുഖ്യത്തിൽ 2025 ഫെബ്രുവരി21,22 തീയതികളിൽ കൊച്ചിയിൽ 'ഇൻവെസ്റ്റ് കേരള ആഗോള സംരംഭക സംഗമം'(Invest Kerala Global Summit) സംഘടിപ്പിക്കുന്നത്.

സംസ്ഥാനത്തിന്റെ പൊതു സാമൂഹിക മുന്നേറ്റ ലക്ഷ്യങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകി, പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ കൊടുത്തുകൊണ്ടാണ് വ്യാവസായിക പുരോഗതിക്കായുള്ള ആശയങ്ങൾക്ക് രൂപം നൽകേണ്ടത്. കേരളത്തെ മികച്ച സംരംഭക സംസ്ഥാനമാക്കാനുള്ള ലക്ഷ്യത്തോടെ ചില പ്രധാന മേഖലകളെ കേന്ദ്രീകരിച്ചാണ് വ്യവസായ വകുപ്പ് പുരോഗതിക്കായി പ്രയത്നിക്കുന്നത്. ഇതിനായി 22 മുൻഗണനാ മേഖലകൾ കണ്ടെത്തി. ഓരോ മേഖലകളിലും നൂതന സംരംഭങ്ങളും ബിസിനസ് മോഡലുകളും പ്രോത്സാഹിപ്പിക്കാനായി വിവിധ




കർമ്മ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പരമ്പരാഗത വ്യവസായങ്ങളെ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ നവീകരിക്കുക, പുതുതലമുറ സംരംഭങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, ഉത്തര വാദിത്ത നിക്ഷേപങ്ങളേയും സുസ്ഥിര വ്യവസായ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുക എന്നിവയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്ത് ദൃഢമായ ഒരു സംരംഭക ആവാസ വ്യവസ്ഥ നിലവിൽ വന്നിട്ടുണ്ട്. സംരംഭങ്ങളെ ലോകോത്തര നിലവാരത്തിനനുസരിച്ച് നവീകരിച്ച് ഉത്പന്നങ്ങൾക്ക് 'കേരള ബ്രാൻഡ്' ലേബലിൽ വിപണനം ചെയ്യുന്നതിന് സൗകര്യമൊരുക്കി, ഉത്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിന് സഹായിക്കുക എന്നിവയാണ് ഇതിനായി സ്വീകരിച്ചിട്ടുള്ള പുതിയ മാർഗ്ഗങ്ങൾ.

ഇൻവെസ്റ്റ് കേരള ആഗോള സംരംഭക സംഗമത്തിന് മുന്നോടിയായി സംസ്ഥാനത്തെ വ്യവസായ സൗഹൃദ അന്തരീക്ഷത്തെ പരിചയപ്പെടുത്താനും വിവിധ മേഖലകളിൽ നിന്ന് നിക്ഷേപം ആകർഷിക്കുന്നതിനുമായി 41 പരിപാടികളാണ് വ്യവസായ വകുപ്പ് നടത്തുന്നത്. ഇതിൽ റൗണ്ട് ടേബിൾ സമ്മേളനങ്ങൾ, ഇൻവെസ്റ്റേഴ്സ് കോൺക്ലേവുകൾ, സെക്ടറൽ യോഗങ്ങൾ, റോഡ് ഷോകൾ എന്നിവ ഉൾപ്പെടുന്നു. ഉച്ചകോടിയുടെ ആമുഖമായി കൊച്ചിയിൽ വെച്ച് ആയുർവേദ ആൻഡ് ഫാർമസ്യൂട്ടിക്കൽസ്, ഹൈടെക് ഫാമിങ് ആൻഡ് വാല്യൂ ആഡഡ് റബ്ബർ, ടൂറിസം ആൻഡ് ഹോസ്പിറ്റാ ലിറ്റി, റീട്ടെയിൽ തുടങ്ങിയ സെക്ടറുകളിൽ മീറ്റിങ്ങുകളും ചെന്നൈ, ബെംഗളൂരു, മുംബൈ, ഡൽഹി എന്നിവിടങ്ങളിൽ റോഡ് ഷോകളും നടത്തി. തുടർന്ന് വ്യവസായ മന്ത്രി പി. രാജീവ് വിവിധ രാജ്യങ്ങളിലെ നയതന്ത്ര പ്രതിനിധികളുമായി മുംബൈയിൽ കൂടിക്കാഴ്ചയും നടത്തി. അയർലന്റ് കൗൺസിൽ ജനറൽ അനിത കെല്ലി, വിയറ്റ്നാം കോൺസൽ ജനറൽ ലീ ക്വാങ് ബിൻ, തായ്പേയ് ഇക്കണോമിക് കൾച്ചറൽ സെന്റർ ഡയറക്ടർ ജനറൽ ചാങ് ചാങ് യു, ഡെ. കോൺസൽ ഷുയിയുങ് ചാൻ എന്നിവരുമായാണ് മന്ത്രി ചർച്ച നടത്തിയത്. ഡൽഹിയിൽ വെച്ച് നടന്ന റൗണ്ട് ടേബിൾ കോൺഫറൻസ് ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. 32 രാജ്യങ്ങളിൽ നിന്നുള്ള അംബാസിഡർമാരും നയതന്ത്ര പ്രതിനിധികളും പരിപാടിയിൽ പങ്കെടുത്തു.

പരിസ്ഥിതി സൗഹാർദ്ദവും സാമ്പത്തിക വളർച്ചക്ക് ആവശ്യമുള്ള നവീന കാഴ്ചപ്പാടുകളും ഉപയോഗിച്ച് കേരളത്തെ സജീവ സംരംഭക കേന്ദ്രമായി മാറ്റാനുള്ള കർമ്മ പദ്ധതികളാണ് വ്യവസായ വകുപ്പ് നടപ്പിലാക്കുന്നത്. ഉൽപ്പാദന വാണിജ്യ രംഗത്തും സംസ്ഥാനം വേഗതയേറിയ മുന്നേറ്റങ്ങൾ കൈവരിച്ചു കൊണ്ടിരിക്കുകയാണ്. കേരളത്തിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ പ്രകടനത്തിലും മികച്ച സേവനങ്ങൾ നൽകുന്നതിലും ആഗോള നിലവാര ത്തിലെത്തിയിട്ടുണ്ട്. സർക്കാർ നടപ്പാക്കുന്ന സമഗ്രവും സുതാര്യവുമായ വ്യവസായ വാണിജ്യ നയം ഈ മാറ്റങ്ങൾ വേഗത്തിലാക്കാൻ കാരണമായി. വ്യക്തികളുടെ സംരംഭക അഭിരുചികളെ പരിപോഷിപ്പിക്കുക, പുതിയ ശേഷികൾ കൈവരിക്കാൻ സഹായിക്കുക, വ്യവസായ ആവശ്യങ്ങളോട് പൊരുത്തപ്പെടുന്ന ഗവേഷണ വികസന പ്രവർത്തന ങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നീ പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നത്. ഈ സാഹചര്യത്തിലാണ് ഇൻവെസ്റ്റ് കേരള ആഗോള സംരംഭക സംഗമം എന്ന ആശയത്തിലേക്ക് വ്യവസായ വകുപ്പ് എത്തുന്നത്. വ്യവസാവളർച്ച ത്വരിതപ്പെടുത്തുന്നതോടൊപ്പം നയങ്ങളിലെ ആശയങ്ങൾ പ്രാവർത്തികമാക്കുക എന്നതും ആഗോള സംരംഭക സംഗമം ലക്ഷ്യമിടുന്നു.

കേരളം ഇപ്പോൾ അഭിവൃദ്ധിയിലേക്ക് കുതിക്കുന്ന ഒരു വ്യവസായ സൗഹൃദ സംസ്ഥാനം കൂടിയാണ്. ദീർഘവീക്ഷണമുള്ള നയങ്ങൾ, നവീന ആശയങ്ങൾ എന്നിവയിലൂടെ സംസ്ഥാനം അതിന്റെ വ്യവസായ പുരോഗതിക്കായുള്ള യാത്രയിൽ ഒരു പുതിയ അധ്യായം എഴുതുകയാണ്. ഇൻവെസ്റ്റ് കേരള ആഗോള സംരംഭക സംഗമം സംസ്ഥാനത്തിന്റെ വ്യവസായ നിക്ഷേപ സാധ്യതകളിലും വളർച്ചയിലും പുതിയ ദിശയൊരുക്കുമെന്നപ്രതീക്ഷയിലാണ് വ്യവസായ വകുപ്പ്. പാരമ്പര്യങ്ങൾക്കൊപ്പം ആധുനികതയെ സ്വാഗതം ചെയ്ത് മറ്റ് സംസ്ഥാനങ്ങൾക്കും പിന്തുടരാൻ പ്രചോദനം നൽകുന്ന ഉജ്ജ്വലമായ മാതൃക തീർക്കാൻ ഇതുവഴി സാധിക്കും. കേരളത്തിന്റെ വ്യാവസായിക വികസനവും പുരോഗതിയും കേവലം കഥയല്ല; സാധ്യതകളെ വിചിന്തനം ചെയ്ത് ഇച്ഛാശക്തിയോടെ മുന്നേറുന്നതിനുള്ള തെളിവുകൂടിയാണ്. ■

**കെ.എസ്.ഐ.ഡി.സി.**
**എം.ഡി. ആണ് ലേഖകൻ**

# ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രീയൽ എക്സ്പോ ചരിത്ര വിജയം കൈവരിച്ചു... സഹകരണത്തിന് നന്ദി

INDIA INTERNATIONAL INDUSTRIAL expo

ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ ഒരു ചരിത്ര സംഭവമായി മാറി. കേരളത്തിന്റെ വ്യാവസായിക ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തുന്ന രീതിയിലായിരുന്നു ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയുടെ വിജയം. 2024 ഡിസംബർ മാസം 13, 14, 15 തീയതികളിൽ കാക്കനാട് KINFRA അന്തർദേശീയ കൺവെൻഷൻ സെന്ററിൽ വച്ച് ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രീയൽ എക്സ്ബിഷൻ എന്ന പേരിൽ ഒരു വ്യാവസായിക പ്രദർശനം വൻ



വിജയകരമായി നടത്താൻ സാധിച്ചു. ബഹു. കേരള സംസ്ഥാന മുഖ്യമന്ത്രി പിണറായി വിജയനാണ് ഈ മേള ഔപചാരികമായി ഉദ്ഘാടനം ചെയ്തത്. എക്സ്പോ ചെയർമാൻ കെ.പി. രാമചന്ദ്രൻ നായർ സ്വാഗതം ആശംസിച്ചു. സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീന്റെ അദ്ധ്യക്ഷതയിലായിരുന്നു പ്രസ്തുത പരിപാടി നടന്നത്. ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് മുഖ്യ പ്രഭാഷണം നടത്തി.

കിൻഫ്രാ എന്റർപ്രണേഴ്സ് ഫോറം മീറ്റും എക്സ്പോ ഡയറക്ടറി പ്രകാശനവും കിൻഫ്രാ മാനേജിങ്ങ് ഡയറക്ടർ സന്തോഷ് കോശി തോമസ് നിർവ്വഹിച്ചു ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ് താഴെത്തട്ടിൽ നടപ്പിലാക്കുന്നതിനെ സംബന്ധിച്ചുള്ള മാദ്ധ്യമ സമ്മേളനം വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. കെ.എസ്.ഐ.ഡി.സി. അസി. ജനറൽ മാനേജർ നിധേഷ് മുഖ്യപ്രഭാഷണം നടത്തി. ഡി.ഐ.സി. അഡി. ഡയറക്ടർ ഡോ. കെ.എസ്. കൃപകുമാർ പ്രത്യേക പ്രഭാഷണം നടത്തി. പ്രശസ്ത പത്ര പ്രവർത്തകരും, ഡി.ഐ.സി. ഉദ്യോഗസ്ഥന്മാരും കെ.എസ്.എസ്.ഐ.എ. അംഗങ്ങളും, മറ്റു വ്യവസായികളും പങ്കെടുത്തു. എം.എസ്.എം.ഇ.ഡി.എഫ്.ഒ. ജോ.



ഡയറക്ടർ ജി.എസ്. പ്രകാശ്, എസ്.എൽ.ബി.സി. കൺവീനർ കെ.എസ്. പ്രദീപ്, മുൻ എം.എൽ.എ. വി.കെ.സി. മമ്മദ് കോയ, കൊച്ചിൻ ഷിപ്പിയാർഡ് സി.എം.ഡി. മധു എസ്. നായർ, മെട്രോ മാർട്ട് ചീഫ് പാർട്ട്ണർ സിജി നായർ, കെ.എസ്.എസ്.ഐ. സംസ്ഥാന ഭാരവാഹികൾ എന്നിവർ പ്രത്യേക പ്രഭാഷണം നടത്തി. കെ.എസ്.എസ്.എഫ്. ഫണ്ടിൽ നിന്നുള്ള മരണാനന്തര സഹായമായ പത്ത് ലക്ഷം രൂപയുടെ ചെക്ക് അന്തരിച്ച കോട്ടയം ജില്ലയിലെ അംഗമായ പി.കെ. ജയകുമാറിന്റെ കുടുംബാംഗത്തിന് മുഖ്യമന്ത്രി കൈമാറി. ചടങ്ങിൽ വെച്ച് കൊച്ചിൻ ഷിപ്പിയാർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ മധു എസ്. നായറിനെ മുഖ്യമന്ത്രി പൊന്നാട അണിയിച്ച് ആദരിച്ചു.

എം.എസ്.എം.ഇ. ഫിനാൻഷ്യൽ അസിസ്റ്റൻസ് ആന്റ് സ്കീം എംപോസിയം ബഹു. ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ ഉദ്ഘാടനം ചെയ്തു. കെ.എഫ്.സി. ഡെപ്യൂട്ടി ജനറൽ മാനേജർ വി. പ്രസാദ് പ്രത്യേക പ്രഭാഷണം നടത്തി. എം.എസ്.എം.ഇ.ഡി.എഫ്.ഒ. അസി. ഡയറക്ടർ യു.സി. ലചിതമോൾ എം.എസ്.എം.ഇ. സ്കീമുകളെക്കുറിച്ച് സംസാരിച്ചു. സമാപന സമ്മേളനം തൃക്കാക്കര എം.എൽ.എം. ഉമ തോമസ് നിർവ്വഹിച്ചു. തൃക്കാക്കര മുനിസിപ്പാലിറ്റി ചെയർ പേഴ്സൺ രാധാമണി പിള്ളയെ തൃക്കാക്കര എം.എൽ.എം. ഉമ തോമസ് പൊന്നാട അണിയിച്ച് ആദരിച്ചു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി.എ. നജീബ് പ്രത്യേക പ്രഭാഷണം നടത്തി. തിരുവനന്തപുരം ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഷിറാസ്, തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീമതി ഷീബ, കാസർഗോഡ് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ സജിത്ത്, മുൻ പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ എസ്. സജി, ഇപ്പോഴത്തെ പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ബെനഡിക് വില്യം ജോൺസൺ എന്നിവരും പങ്കെടുത്തു. മേളയിൽ പങ്കെടുത്ത ഒരാൾക്ക് ചൈന കാൻഡൺ ഫെയർ 2025 ലേക്കുള്ള വിമാന ടിക്കറ്റിന്റെ ലക്കി ഡിപ്പിലൂടെ മലപ്പുറം ജില്ലയിലെ ഒരു വിദ്യാർത്ഥിയ്ക്ക് ചൈന എക്സ്പോ കാണാനുള്ള ഭാഗ്യം ലഭിച്ചു. മേളയിൽ പങ്കെടുത്ത് എല്ലാവരേയും ജനറൽ സെക്രട്ടറി ജോസഫ് പൈകട നന്ദി പറഞ്ഞു.


അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചിട്ടുള്ള യന്ത്രങ്ങൾക്ക് പ്രാമുഖ്യം നൽകി കൊണ്ട് നടത്തിയതാണ് ഈ പ്രദർശന മേള. കേരളത്തിന്റെ ചരിത്രത്തിൽ തന്നെ ആദ്യമായിട്ടാണ് ഇങ്ങനെയൊരു മെഷിനറി എക്സിബിഷൻ സംഘടിപ്പിച്ചിരിക്കുന്നത്. വ്യവസായ സൗഹൃദ അന്തരീക്ഷം നിലനില്ക്കുന്നതൊടൊപ്പം തന്നെ പുതു സംരംഭം തുടങ്ങുന്നവർക്ക് അറിവ് നേടാനും, വ്യവസായ സംരംഭത്തിൽ വിപ്ലവം സൃഷ്ട്ടിക്കാനും ഈ എക്സിബിഷൻ പ്രചോതനം ചെയ്തു. വ്യവസായ സംരംഭകരുടെ ഉത്പന്നങ്ങൾക്ക് വിപണി വിപുലപ്പെടുത്താനും പുതിയ സംരംഭകർക്ക് ഉത്പ്പന്നങ്ങൾ പരിചയപ്പെടുത്താനും പുതിയ സാങ്കേതിക വിദ്യകൾ കൈമാറാനും സംരംഭകർക്ക് ഈ മേള സഹായകരമായി. കേന്ദ്ര സംസ്ഥാന സർക്കാരുടെ വ്യവസായ നയങ്ങളും പദ്ധതികളെ കുറിച്ചും സംരംഭകരുടേയും പൊതുജനങ്ങളുടേയും ഇടയിൽ ഒരു ബോധവൽക്കരണത്തിനും പുറമെ നിക്ഷേപകരെ ആകർഷിക്കാനും ലക്ഷ്യം വച്ചുക്കൊണ്ടുള്ളതായിരുന്നു ഈ എക്സിബിഷൻ.

ചെറുകിട, ഇടത്തരം വ്യവസായങ്ങൾ, മെഷിനറി നിർമ്മാതാക്കൾ, കേന്ദ്രസംസ്ഥാന പൊതുമേഖല സ്ഥാപനങ്ങൾ, ധനസഹായ ഏജൻസികൾ തുടങ്ങിയ സ്ഥാപനങ്ങൾ ഇതിൽ പങ്കെടുത്തു. ഇതിനു പുറമെ വിദേശത്തു നിന്നുമുള്ള സ്ഥാപനങ്ങളും ഈ മേളയിൽ പങ്കെടുക്കുകയുണ്ടായി. മുന്നൂറോളം എക്സിബിറ്റേഴ്സും പതിനായിരത്തിലധികം ട്രേഡ് വിസിറ്റർമാരുമാണ് മൂന്നു ദിവസം നീണ്ട ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രീയൽ എക്സ്പോ 2024 (IIIE 2024) ൽ പങ്കെടുത്തത്. വളരെ സന്തോഷത്തോടുകൂടിയാണ് പങ്കെടുത്ത എക്സിബിറ്റേഴ്സ് കൊച്ചിയിൽ നിന്നും തിരികെ പോയത്. സന്ദർശകരും വളരെ സംതൃപ്തിയോടെയാണ് മടങ്ങിയത്. എല്ലാം കൊണ്ടും കെ.എസ്.എസ്.ഐ.എ. യ്ക്ക് ചരിത്രത്തിൽ ഒരു പൊൻ തൂവൽക്കൂടി ലഭിക്കുകയുണ്ടായി. ഇത് വൻ വിജകയമാക്കാൻ സഹകരിച്ച എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.



# IIIE 2024 ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ













India International
INDUSTRIAL EXPO
*Your Gateway to a Comprehensive Industrial Showcase*
IIIE 2024



























WOOTZ
Total Solution Provider For Steel Buildings
macpower
ABB
aizar

# എം.എസ്.എം.ഇ. മേഖലയ്ക്ക് പ്രത്യേക ഫണ്ട് അനുവദിക്കണം: കേന്ദ്ര ധനകാര്യ കമ്മീഷനോട് കെ.എസ്.എസ്.ഐ.എ.

രാജ്യത്തിന്റെ സമ്പത്ത് ഘടനയിലും തൊഴിൽ വികസനത്തിലും ആഭ്യന്തര ഉല്പാദനത്തിലും വിദേശ നാണ്യ സമ്പാദനത്തിലും ഗണ്യമായ പങ്ക് വഹിക്കുന്ന എം.എസ്.എം.ഇ. മേഖലയെ പ്രത്യേക പരിഗണന നല്കി ഈ മേഖലയ്ക്ക് പ്രത്യേക ഫണ്ട് നീക്കി വെക്കണമെന്ന് കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ 16-ാം ധനകാര്യ കമ്മീഷൻ 10.12.2024 ന് കോവളത്തെ ഹോട്ടൽ ലീല റാവിസ് കൺവെൻഷൻ സെന്ററിൽ വച്ച് വാണിജ്യവ്യവസായ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ ആവശ്യപ്പെട്ടു. കഴിഞ്ഞ സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ടേമുക്കാൽ വർഷം കൊണ്ട് 3,35,665 പുതിയ സംരംഭങ്ങൾ കേരളത്തിൽ നിലവിൽ വന്നു. അതിൽ 1,03,000 വനിതാ സംരംഭകരും, നൂറോളം ട്രാൻസ്ജെൻഡേഴ്സ് സംരംഭകരുമാണ്. ഇതുവഴി 21,444 കോടി രൂപയുടെ നിക്ഷേപവും, 7,11,605 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം 50 ശതമാനമായി ഉയർത്തുക, സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കുക, അന്താരാഷ്ട്ര ചരക്ക് ഗതാഗത തുറമുഖമായ വിഴിഞ്ഞം തുറമുഖത്തിന് പ്രത്യേക ഫണ്ട് നീക്കി വെക്കുക, ധനകാര്യ കമ്മീഷന്റെ ശുപാർശകൾ കൃത്യമായും സമയബന്ധിതമായും നടപ്പാക്കുന്നുണ്ടോയെന്ന് കമ്മീഷൻ ഉറപ്പ് വരുത്തുക തുടങ്ങിയ നിർദ്ദേശങ്ങളും സംഘടന സമർപ്പിച്ച വ്യവസായ വ്യാപാര പ്രതിനിധികളുമായി കമ്മീഷൻ തിരുവനന്തപുരത്ത് നടത്തിയ ചർച്ചയിലാണ് സംഘടന ഈ ആവശ്യങ്ങൾ ഉന്നയിച്ചത്.

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി കമ്മീഷന്റെ താരീഫ് ഓഫർ കെ.എസ്.എസ്.ഐ.എ. സ്വാഗതം ചെയ്യുന്നു

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി കമ്മീഷന്റെ താരീഫ് ഓഫർ വ്യവസായ സമൂഹം സ്വാഗതം ചെയ്യുന്നതായി കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ അറിയിച്ചു. നിലവിൽ 10 KW വരെയുള്ള വ്യവസായങ്ങൾക്ക് നിലവിലെ ചാർജ്ജ് 140 രൂപ തന്നെ നിലനിർത്തിയിരിക്കുന്നു അതിൽ വർദ്ധനവുണ്ടായില്ല. 10 KW - 20 KW വരെയുള്ള വ്യവസായങ്ങൾക്ക് 85 രൂപയിൽ നിന്നും 90 രൂപയായി വർദ്ധിപ്പിച്ചു. കേവലം 5 രൂപയുടെ വർദ്ധനവ് മാത്രമെ ഉണ്ടായിട്ടുള്ളു. 20 KW മുകളിൽ 200 രൂപയിൽ നിന്നും 210 രൂപയായി വർദ്ധിപ്പിച്ചു. ഈ യൂണിറ്റ് വർദ്ധനവ് പരിശോധിച്ചാൽ 10 KW വരെ 5 രൂപ 80 പൈസയിൽ നിന്നും 5 രൂപ 85 പൈസയായും, 10 KW - 20 KW വരെ 5 രൂപ 80 പൈസയിൽ നിന്ന് 5 രൂപ 90 പൈസയുമാണ് വർദ്ധിച്ചിരിക്കുന്നത്. 10 പൈസയുടെ വർദ്ധനവാണ് നിലവിൽ ഉണ്ടായിരിക്കുന്നത്. 20 KW ക്ക് മുകളിൽ 5 രൂപ 85 പൈസയിൽ നിന്നും 5 രൂപ 95 പൈസയിലേക്ക് ഉയർത്തിയിരിക്കുന്നു. ഇതിൽ 10 പൈസയുടെ വർദ്ധനവുണ്ടായി. ചെറുകിട വ്യവസായങ്ങൾ (എം.എസ്.എം.ഇ. സെക്ടർ) 2023-24 സാമ്പത്തിക വർഷത്തിൽ 4,989 കോടി 59 ലക്ഷം രൂപയാണ് വൈദ്യുതി ചാർജ്ജായി അടച്ചിട്ടുള്ളത്. ചെറുകിട വ്യവസായങ്ങൾക്ക് രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെ ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് 10 ശതമാനം വരെ ഇളവ് അനുവദിച്ചിട്ടുണ്ട്.

## നമ്മുടെ വ്യവസായം

- ✓ വ്യവസായ സംബന്ധമായ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി പറയുന്നു.
- ✓ കെ.എസ്.എസ്.ഐ.എ. ന്യൂസിലൂടെ വായനക്കാരുടെ പ്രതികരണങ്ങൾ ഞങ്ങൾ പ്രസിദ്ധീകരിക്കുന്നു. E-Mail: kssianews@gmail.com, kssiastate@gmail.com



25th December 2024, Kalamassery
Regn. No. KERBIL/2005/23143

KSSIA NEWS

Journal of The Kerala State Small Industries Association
Registered: Postal Regn. No. KL/EKM/767/2023-25
Licensed to Post without Pre-payment KL/CR/EKM/WPP-3/2023-25

Price ₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.